# യൂണിറ്റ്-1
# സാമ്പത്തിക ശാസ്ത്രത്തിന് ഒരാമുഖം

**ആമുഖം**

**പരിമിതമായ വിഭവങ്ങൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാമെന്നത് സാമ്പത്തിക ശാസ്ത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഒരു സമ്പദ് വ്യവസ്ഥ അഭിമുഖീകരിക്കുന്ന അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും അവയുടെ കാരണങ്ങളും ആ പ്രശ്നങ്ങൾ വിവിധ സമ്പദ് വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന രീതികളും ആണ് പ്രധാനമായും ഈ അധ്യായം പ്രതിപാദിക്കുന്നത്. അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളെ പഠിതാവിന്റെ നിത്യജീവിതത്തിലെ പ്രായോഗിക അനുഭവങ്ങളും പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി വേണം വിശകലനം ചെയ്യാൻ.സാമ്പത്തിക ശാസ്ത്ര സിദ്ധാന്തങ്ങൾ തുടർ അധ്യായങ്ങളിൽ പഠിക്കുന്നതിനൊരു ആമുഖം എന്ന നിലക്ക് നൽകുന്ന പഠന പ്രവർത്തനങ്ങൾ പഠിതാക്കളുടെ പഠന താൽപര്യത്തെ ജ്വലിപ്പിക്കാൻ കഴിയണം.**

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| സാമ്പത്തിക ശാസ്ത്രവും ദൈനംദിന ജീവിതവും<br><br>സാമ്പത്തികശാസ്ത്രത്തിന്റെ ആവിർഭാവവും വികാസവും<br>സാമ്പത്തികശാസ്ത്രത്തിന്റെ നിർവചനം<br>സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം സ്ഥൂല സാമ്പത്തിക ശാസ്ത്രം<br><br>അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ | ഒരു സാങ്കൽപിക ഗ്രാമസഭ ഉദാഹരണമായി എടുക്കുന്നു. ജനങ്ങളുടെ നിരവധി പ്രശ്നങ്ങളും ആവശ്യങ്ങളും ഗ്രാമസഭയിൽഅവതരിപ്പിക്കപ്പെടുന്നു.ഇതുവഴി ആവശ്യങ്ങളും വിഭവങ്ങളും തമ്മിലുള്ള അസംതുലിതാവസ്ഥ പഠിതാവ് തിരിച്ചറിയുന്നു.<br>ഇത് വ്യക്തിക്കും കുടുംബത്തിനും രാജ്യത്തിനും എല്ലാം ബാധകമാണെന്ന് ചർച്ചയിലൂടെ മനസ്സിലാക്കുന്നു.<br>പഠിതാക്കളുടെ സ്വന്തം ഗ്രാമത്തിൽ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾപരിഹരിക്കപ്പെടുന്നതെങ്ങനെ എന്ന ചർച്ച സംഘടിപ്പിക്കുന്നു. | • സാമ്പത്തിക ശാസ്ത്രത്തിന്റെ ആവിർഭാവവും വികാസവും വിശകലനം ചെയ്യുന്നു.<br>• അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ എന്താണെന്ന് നിർവചിച്ച് അവ പട്ടികപ്പെടുത്തി വിശകലനം ചെയ്യുന്നു.<br>• ഉൽപാദന സാധ്യതാ വക്രം നിർവചിക്കുന്നു, അത് നിർമ്മിക്കാനുള്ള ശേഷി കൈവരിക്കുന്നു.<br>• ഉൽപാദന സാധ്യതാ വക്രത്തിലെ വിവിധ ഉൽപാദന സാധ്യതകളെ അതിനു പുറത്തും അകത്തുംമുള്ള ഉൽപാദന സാധ്യതകളുമായി താരതമ്യപ്പെടുത്തുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/ പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| വിവിധതരം സമ്പദ് വ്യവസ്ഥകളിൽ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരം<br><br>ഉൽപാദന സാധ്യതാ വക്രം- നിർവചനം സാധ്യതാ വക്രം<br><br>അവസരാത്മക ചെലവ് ,സീമാന്ത അവസരത്മക ചെലവ്, ഉൽപാദന സാധ്യതാ വക്രത്തെ സ്വാധീനക്കുന്ന ഘടകങ്ങൾ | ഗ്രാമ സമ്പദ് വ്യവസ്ഥയിൽ ആസൂത്രണത്തിന്റെ ഭാഗമായി സാമൂഹ്യ നന്മയെ മുൻനിർത്തി നടക്കുന്ന പ്രവർത്തനങ്ങൾ, ലാഭത്തെ മാത്രം മുൻനിർത്തി നടത്തുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു. ആസൂത്രിത സമ്പദ് വ്യവസ്ഥ, കമ്പോള സമ്പദ് വ്യവസ്ഥ,മിശ്ര സമ്പദ് വ്യവസ്ഥ എന്നിവയുള്ള ഉദാഹരണങ്ങൾ ശേഖരിക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിനു നൽകിയിട്ടുള്ള വ്യത്യസ്ത നിർവചനങ്ങൾ പരിചയപ്പെടുന്നു. സാമ്പത്തികശാസ്ത്രജ്ഞന്മാരെകുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നു. ജീവിതഗന്ധിയായ ഉദാഹരണത്തിലൂടെ ഉൽപാദന സാധ്യതാ വക്രത്തെ മനസ്സിലാക്കുന്നു. അടുത്ത ക്ലാസ്സിൽ ചെയ്യുവരേണ്ട പ്രവർത്തനങ്ങൾ നൽകുന്നു. | • അവസരാത്മക ചെലവ് സീമാന്ത അവസരാത്മക ചെലവ് എന്നിവ വിശദീകരിക്കുന്നു.<br>• വിവിധതരം സമ്പദ് വ്യവസ്ഥകളിൽ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതെങ്ങനെ എന്ന് വിമർശനാത്മകമായി വിലയിരുത്തുന്നു.<br>• സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം, സ്ഥൂല സാമ്പത്തിക ശാസ്ത്രം എന്നിവ നിർവചിച്ച് അവ കൈകാര്യം ചെയ്യുന്ന മേഖലകൾ കണ്ടെത്തുന്നു. |

## പാഠത്തിലേക്ക്

### പ്രവർത്തനം-1

ലളിതവും രസകരവുമായ ഒരു പ്രവർത്തനത്തിലൂടെ ക്ലാസ് ആരംഭിക്കുന്നു.നമ്മുടെ സമൂഹത്തിലെ പ്രശ്നങ്ങൾ ഏതെല്ലാമാണെന്ന് പഠിതാക്കളോട് പട്ടികപ്പടുത്താൻ ആവശ്യപ്പെടുന്നു.പഠിതാക്കൾ പട്ടികപ്പടുത്തിയ പ്രശ്നങ്ങളെ സാമ്പത്തിക പ്രശ്നങ്ങളെന്നും സാമ്പത്തികേതര പ്രശ്നങ്ങളെന്നും രണ്ടായി വർഗ്ഗീകരിക്കാൻ ആവശ്യപ്പെടുന്നു.ഈ പ്രവർത്തനത്തിലൂടെ സാമ്പത്തിക ശാസ്ത്രത്തിനു നൽകിയിട്ടുള്ള വ്യത്യസ്ത നിർവചനങ്ങൾ പരിചയപ്പെടുന്നു.തുടർ പ്രവർത്തനമായി സാമ്പത്തിക ശാസ്ത്രജ്ഞന്മാരെകുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെടുന്നു. ഇന്റർനെറ്റിന്റെ സാദ്യത ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങളെ ആനിമേഷൻ സ്ലൈഡ് തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.

### പ്രവർത്തനം-2

ഒരു ഗ്രാമ സഭയെ അടിസ്ഥാനപ്പെടുത്തി സംഘടിപ്പിക്കുന്ന ചർച്ചയിലൂടെ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിചയപ്പെടുന്നു. സാമ്പത്തിക വിഭവ സമാഹരണവും വിനിയോഗവും ബന്ധപ്പെട്ട് സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. ഗ്രാമസഭാംഗങ്ങളുടെ അനവധി ആവശ്യങ്ങളും വിഭവങ്ങളുടെ പരിമിതികളും പഠിതാക്കൾക്ക് ബോധ്യമാകുന്ന തരത്തിലായിരിക്കണം ചർച്ചയും അധ്യാപികയുടെ ക്രോഡീകരണവും.ഇതിലൂടെ ആവശ്യങ്ങളും വിഭവങ്ങളുടെ ലഭ്യതയും തമ്മിലുള്ള അസംതുലിതാവസ്ഥയാണ് സമൂഹത്തിന്റേയും സമ്പദ് വ്യവസ്ഥയുടേയും അടിസ്ഥാന പ്രശ്നങ്ങൾക്ക് കാരണമെന്ന് പഠിതാക്കൾ തിരിച്ചറിയുന്നു.

## പ്രവർത്തനം-3

തുടർന്ന് പഠിതാക്കളുടെ മുന്നറിവ് പ്രയോജനപ്പെടുത്തി വിവിധ തരം സമ്പദ് വ്യവസ്ഥകളെ കുറിച്ച് ചർച്ച ചെയ്യുന്നു.മുതലാളിത്ത, സോഷ്യലിസ്റ്റ്,മിശ്ര സമ്പദ് വ്യവസ്ഥകൾ എങ്ങിനെയാണ് അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതെന്ന് ചർച്ചയിലൂടെ കണ്ടെത്തുന്നു.ലോകത്തിലെ പ്രധാന രാജ്യങ്ങളെ മുതലാളിത്ത, സോഷ്യലിസ്റ്റ്,മിശ്ര സമ്പദ് വ്യവസ്ഥകൾ എന്നിങ്ങനെ മൂന്നായി വർഗ്ഗീകരിക്കുക എന്ന തുടർ പ്രവർത്തനം നൽകുന്നു.

## പ്രവർത്തനം-4

ചില പഠിതാക്കൾക്കെങ്കിലും ഉൽപാദനാ സാധ്യതാ വക്രം താരതമ്യേന വിഷമകരമായ പാഠഭാഗമായിരിക്കും .അതുകൊണ്ട് ചെറിയ ഉദാഹരണങ്ങളിലൂടെ ഉൽപാദനാ സാധ്യതാ പട്ടിക അവതരിപ്പിക്കുന്നു.ഉൽപാദനാ സാധ്യതാ പട്ടികയെ ഗ്രാഫിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.എന്താണ് ഉൽപാദനാ സാധ്യതാ വക്രത്തിന്റെ ആകൃതിയെന്നും എന്തുകൊണ്ട് ഈ ആകൃതിയെന്നും അവസരാത്മക ചെലവ്, സീമാന്ത അവസരാത്മക ചെലവ്, എന്നീ ആശയങ്ങളുടെ പ്രസക്തിയെന്തെന്നും ചർച്ചയിലൂടെ കണ്ടെത്തുന്നു.വക്രത്തിലെ വിവിധ ഉൽപാദന സാധ്യതകളെ അതിനു പുറത്തും അകത്തുമുള്ള ഉൽപാദന സാധ്യതകളുമായി താരതമ്യപ്പെടുത്തുന്നു. പട്ടികയും ഗ്രാഫും അവതരിപ്പിക്കാൻ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗപ്പെടുത്താവുന്നതാണ്.

## പ്രവർത്തനം-5

സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം, സ്ഥൂല സാമ്പത്തിക ശാസ്ത്രം എന്നിവ നിർവചിച്ച് അവ കൈകാര്യം ചെയ്യുന്ന മേഖലകൾക്കുള്ള ഉദാഹരണങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു. 1930 കളിലെ വൻ സാമ്പത്തിക മാന്ദ്യവും അതിനുള്ള കാരണങ്ങളെ കുറിച്ചുള്ള ജെ.എം.കെയിൻസ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ അന്വേശണങ്ങൾ,ആധുനിക സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ആവിർഭാവം എന്നിവ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് വിശകലനം ചെയ്യുന്നു.

<u>ഐ.സി.ടി യുടെ സാധ്യതകൾ</u>

- പഠന നേട്ടങ്ങളുടെ ക്രോഡീകരണം പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് നടത്താവുന്നതാണ്.
- ഉൽപാദനാ സാധ്യതാ വക്രം-(പട്ടികയും ഗ്രാഫും)ആകർഷകമായി പ്രസെന്റേഷൻ സ്ലൈഡിലൂടെ അവതരിപ്പിക്കാവുന്നതാണ്.
- വിലയിരുത്തൽ പ്രവർത്തനങ്ങളും ഐ.സി.ടി.യുടെ സഹായത്തോടെ

ചെയ്യാവുന്നതാണ്.

## വിലയിരുത്തൽ ചോദ്യങ്ങൾ

**1.താഴെ തന്നിരിക്കുന്നവയെ അനുയോജ്യമായ തലക്കട്ട് നൽകി വർഗ്ഗീകരിക്കുക.**

ഗവ. ബജറ്റ്,പണപ്പെരുപ്പം,ഒരു കമ്പനിയുടെ ലാഭം,പണനയം,ഒരു പേനയുടെ വില,ദേശീയ വരുമാനം.

**2.**

**A.**താഴെ കൊടുത്തിരിക്കുന്ന ഉൽപാദന സാധ്യതാ പട്ടികയെ ഉൽപാദന സാധ്യതാ വക്രം വരച്ച് അവതരിപ്പിക്കുക.

| കോമ്പിനേഷൻ | വസ്തു ഒന്ന് | വസ്തു രണ്ട് |
|---|---|---|
| A | 0 | 15 |
| B | 1 | 14 |
| C | 2 | 12 |
| D | 3 | 9 |
| E | 4 | 5 |

**B.** കേരളം നേരിട്ട മഹാപ്രളയത്തിന്റെ പശ്ചാതലത്തിൽ ഉൽപാദന സാധ്യതാ വക്രത്തിൽ ഉണ്ടാകുന്ന മാറ്റം ഗ്രാഫ് വരച്ച് വ്യക്തമാക്കുക.

**3.**വിവിധ സമ്പദ് വ്യവസ്ഥകൾ നേരിടുന്ന അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന സംവിധാനവും എഴുതുക.അത്തരം സമ്പദ് വ്യവസ്ഥകൾ നിലനിൽക്കുന്ന രാജ്യങ്ങൾക്കുള്ള ഉദാഹരണം ഒന്നുവീതം നൽകുക.

| അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ | മുതലാളിത്തം | സോഷ്യലിസം | സമ്മിശ്ര സമ്പദ് വ്യവസ്ഥ |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| ഉദാഹരണമായി നൽകാവുന്ന രാജ്യം | | | |

# യൂണിറ്റ് 2
# ഉപഭോക്താവിന്റെ പെരുമാറ്റ സിദ്ധാന്തം

**ആമുഖം**

**കമ്പോളത്തെ അവതിപ്പിച്ചുകൊണ്ടാണ് സൂക്ഷ്മ സാമ്പത്തിക ശാസ്ത്ര പഠനം ആരംഭിക്കുന്നത്. കമ്പോള ശക്തികളായ ചോദനം, പ്രദാനം എന്നിവ പ്രതിനിധാനം ചെയ്യുന്നത് യഥാക്രമം ഉപഭോക്താക്കൾ, ഉൽപാദകർ എന്നിവരെയാണെന്നും ആമുഖമായി പറഞ്ഞുകൊണ്ടാണ് അധ്യായത്തിലേക്ക് പ്രവേശിക്കേണ്ടത്.ബജറ്റ് സെറ്റ്,ബജറ്റ് ലൈൻ, നിസ്സംഗതാ വക്രം,ഉപഭോക്തൃ സംതുലിതാവസ്ഥ എന്നിവയാണ് ഈ അധ്യായത്തിലെ ഒന്നാം ഭാഗത്ത് പ്രതിപാദിക്കുന്നത്. തടർന്ന് രണ്ടാം ഭാഗത്ത് ചോദന സിദ്ധാന്തത്തെ പരിചയപ്പെടുന്നു. എങ്ങിനെയാണ് ഉപഭോക്താവ് സംതുലിതാവസ്ഥയിലേക്ക് എത്തിച്ചേരുന്നതെന്നും കമ്പോള ചോദനത്തിന്റെ സവിശേഷതയെന്തന്നും പ്രായോഗിക ജീവിതാനുഭവ വിശകലനത്തിലൂടെ കൈകാര്യം ചെയ്തുകൊണ്ട് വേണം ഈ അധ്യായം അവതരിപ്പിക്കേണ്ടത്.**

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| ബജറ്റ് സെറ്റ്,ബജറ്റ് ലൈൻ,അതിലെ മാറ്റങ്ങളും | പവർ പോയിന്റ് പ്രസന്റേഷനിലൂടെ ബജറ്റ് സെറ്റ്,ബജറ്റ് ലൈൻ എന്നീ ആശയങ്ങളെ വ്യക്തമാക്കുന്നു.ചാർട്ടിന്റെയും സ്ലൈഡിന്റേയും സഹായത്താൽ ബജറ്റ് ലൈനിലെ മാറ്റങ്ങളുടെ ഗ്രാഫിക ചിത്രീകരണം നടത്താവുന്നതാണ്. | ബജറ്റ് സെറ്റ് എന്താണെന്ന് തിരിച്ചറിയുന്നു. ബജറ്റ് ലൈനിന്റെ സമവാക്യം രൂപീകരിക്കുന്നു. ബജറ്റ് ലൈൻ എന്താണെന്ന് നിർവചിക്കുന്നു. സമവാക്യം കണ്ടെത്തുന്നു.ബജറ്റ് ലൈനിലുണ്ടാകുന്ന മാറ്റങ്ങൾ വിശകലനം ചെയ്യുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/ പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| നിസ്സംഗതാ വക്രം- സവിശേഷതകൾ -ചുരുങ്ങും പ്രതിസ്ഥാപന നിരക്ക്, ഉപഭോക്തൃ സംതുലിതാസ്ഥ<br><br>ചോദനം ,ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ,ചോദന നിയമം,ചോദന പട്ടിക,ചോദന വക്രം,കമ്പോള ചോദനം.<br><br>ചോദനത്തിലെ മാറ്റങ്ങൾ -വ്യാപനവും സങ്കോചവും, വർദ്ധനവും കുറവും | ഇന്ററാക്ടീവ് സെഷനിലൂടെ നിസ്സംഗതാ വക്രം എന്ന ആശയം അവതരിപ്പിക്കുന്നു.പട്ടികയും ഗ്രാഫും ഉപയാഗിച്ച് നിസ്സംഗതാ വക്രം വിശകലനം ചെയ്യുന്നു. നിസ്സംഗതാ വക്രത്തിന്റെ കൂട്ടമായ നിസ്സംഗതാ മാപ്പ് നിസ്സംഗതാ വക്രത്തിന്റെ സവിശേഷതകൾ എന്നിവ ഗ്രാഫിന്റെ സഹായത്തോടെ വിശകലനം ചെയ്യുന്നു. എന്തുകൊണ്ടാണ് നിസ്സംഗതാ വക്രം കോൺവെക്സ് ആയത് എന്നും അതിന്റെ കാരണം ചുരുങ്ങും പ്രതിസ്ഥാപന നിരക്ക് ആണെന്നും ചർച്ചയിലൂടെ ക്രോഡീകരിച്ച് വ്യക്തമാക്കുന്നു. ഉപഭോക്തൃ സംതുലിതാവസ്ഥ ഗ്രാഫിന്റെ സഹായത്തോടെ അവതരിപ്പിക്കുന്നു. ഇന്ററാക്ടീവ് സെഷനിലൂടെ ചോദനം എന്ന ആശയം അവതരിപ്പിക്കുന്നു.ചർച്ചയിലൂടെ ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വ്യക്തമാക്കുന്നു.ചോദന പട്ടിക, ചോദന വക്രം എന്നിവ സ്ലൈഡിന്റെ സഹായത്തോടെ വ്യക്തമാക്കുന്നു. ഗ്രാഫിന്റെ സഹായത്തോടെ ചോദനത്തിലെ രണ്ടുതരം മാറ്റങ്ങളായ വ്യാപനവും സങ്കോചവും, | നിസ്സംഗതാ വക്രം നിർവചിക്കുന്നു.വരക്കാനുള്ള ശേഷി കൈവരിക്കുന്നു. നിസ്സംഗതാ മാപ്പ് എന്താണെന്ന് നിർവചിക്കുന്നു. നിസ്സംഗതാ വക്രത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് പട്ടികപ്പെടുത്തി വിശകലനം ചെയ്യുന്നു. ഉപഭോക്തൃ സംതുലിതാവസ്ഥ ഗ്രാഫിന്റെ സഹായത്താൽ അവതരിപ്പിക്കുന്നു.<br><br>ചോദനം,ചോദന നിയമം,ചോദന പട്ടിക,ചോദന വക്രം എന്നിവ നിർവചിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു. പ്രതിസ്ഥാപന വസ്തുക്കളും അനുപൂരക വസ്തുക്കളും എന്താണെന്ന് ഉദാഹരണ സഹിതം മനസ്സിലാക്കുന്നു. ചോദന വക്രത്തിന്റെ ആകൃതി വിശകലനം ചെയ്യുന്നു.കമ്പോള ചോദന പട്ടികയും ചോദന വക്രവും തയ്യാറാക്കുന്നു.ചോദനത്തിലെ മാറ്റങ്ങൾ ഗ്രാഫ് വരച്ച് |

| | | |
|---|---|---|
| | വർദ്ധനവും കുറവും അവതരിപ്പിക്കുന്നു. | വിശകലനം ചെയ്യുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| ചോദന ഇലാസ്തികത ഇലാസ്തികതയുടെ തരങ്ങൾ ഇലാസ്തികത അളക്കാനുള്ള രീതികൾ ഇലാസ്തികതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ | ചർച്ചയിലൂടെ ഇലാസ്തികത എന്ന ആശയം വ്യക്തമാക്കുന്നു. ആനിമേറ്റഡ് സ്ലൈഡിന്റെ സഹായത്തോടെ ഇലാസ്തികതയുടെ തരങ്ങൾ അവതരിപ്പിക്കാവുന്നതാണ്. ചർച്ചയിലൂടെ ആനുപാതിക രീതിയുടെ സമവാക്യം വ്യക്തമാക്കുന്നു .ഉദാഹരണത്തിലൂടെയും സ്വയം വിലയിരുത്തൽ ചോദ്യങ്ങളിലൂടേയും ആനുപാതിക രീതി വിശകലനം ചെയ്യുന്നു. ഗ്രാഫിന്റെ സഹായത്തോടെ ജ്യാമിതീയ രീതി വ്യക്തമാക്കുന്നു. ഉദാഹരണത്തിലൂടെയും പട്ടികയുടെ സഹായത്തോടെയും മൊത്തം ചെലവ് രീതി അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ ഇലാസ്തികതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ അവതരിപ്പിക്കുന്നു. | ചോദന ഇലാസ്തികത എന്തെന്ന് നിർവചിക്കുന്നു. ഇലാസ്തികത അളക്കാനുള്ള രീതികൾ പ്രശ്ന പരിഹാര രീതിയിൽ വിശകലനം ചെയ്യുന്നു. ഇലാസ്തികതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു. |

## പാഠത്തിലേക്ക്

### പ്രവർത്തനം-1

ഒരു ഉദാഹരണമെടുത്ത് ബജറ്റ് സെറ്റും ബജറ്റ് ലൈനും എന്താണെന്ന് ചർച്ച ചെയ്യുന്നു. ചർച്ചയുടെ ക്രോഡീകരണത്തിനു ശേഷം ബജറ്റ് സെറ്റിന്റേയും ബജറ്റ്

ലൈനിന്റേയും സമവാക്യം രൂപീകരിക്കപ്പെടുന്നു.ഇവിടെ സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഭാഗമായി ബജറ്റ് സെറ്റും ബജറ്റ് ലൈനും എഴുതാൻ ആവശ്യപ്പെടാം.ഉദാ: $P_1=2, P_2=4$
M=20 അങ്ങിനെയാണെങ്കിൽ ബജറ്റ് സെറ്റും ബജറ്റ് ലൈനും നിർമ്മിക്കുക.

ഗ്രാഫിന്റെ സഹായത്തോടെ ബജറ്റ് ലൈൻ അവതരിപ്പിക്കുന്നു.ബജറ്റ് ലൈനിന്റെ ചരിവിന്റെ കാരണങ്ങൾ, ഹൊറിസോണ്ടൽ ഇന്റർസെപ്റ്റ്, വെർട്ടിക്കൽ ഇന്റർസെപ്റ്റ് എന്നീ ആശയങ്ങൾ ഗ്രാഫിന്റെ സഹായത്താൽ അവതരിപ്പിക്കുന്നു.

ബജറ്റ് ലൈനിലെ മാറ്റങ്ങൾ മനസ്സിലാക്കുന്നതിനു വ്യക്തിഗത പ്രവർത്തനമായി താഴെ പറയുന്ന ചോദ്യങ്ങൾ നൽകുന്നു.ഉപഭോക്താവിന്റെ വരുമാനത്തിൽ മാറ്റം സംഭവിച്ചാൽ ബജറ്റ് ലൈനിൽ എങ്ങിനെയായിരിക്കും മാറ്റം സംഭവിക്കുക? ഗുഡ്1 ന്റെ വിലയിൽ മാറ്റം സംഭവിച്ചാൽ ബജറ്റ് ലൈനിലെ മാറ്റങ്ങൾ എങ്ങിനെ? ഗുഡ് 2 ന്റെ വിലയിൽ മാറ്റം സംഭവിച്ചാൽ ബജറ്റ് ലൈനിലെ മാറ്റങ്ങൾ എങ്ങിനെ? ഈ പ്രവർത്തനം സി.ഇ. സ്കോർ നൽകുന്നതിനായി പരിഗണിക്കാവുന്നതാണ്. അധ്യാപകന്റെ ക്രോഡീകരണത്തോടെ വേണം പ്രവർത്തനം അവസാനിപ്പിക്കാൻ.

### പ്രവർത്തനം-2

രണ്ട് വസ്തുക്കളുടെ വിഭിന്നങ്ങളായ സംയോഗങ്ങളെ കാണിക്കുന്ന പട്ടിക അവതരിപ്പിക്കുന്നു.

| സംയോഗങ്ങൾ | A | B | C | D | E |
|---|---|---|---|---|---|
| ഗുഡ് 1 | 0 | 1 | 2 | 3 | 4 |
| ഗുഡ് 2 | 20 | 15 | 11 | 8 | 6 |

ഈ പട്ടികയിൽ ഒന്നാമത്തെ വസ്തുവിന് വേണ്ടി ഉപേക്ഷിക്കുന്ന രണ്ടാമത്തെ വസ്തുവിന്റെ അളവ് കണ്ടെത്താൻ ആവശ്യപ്പെടുന്നു.അങ്ങിനെ ഉപേക്ഷിക്കപ്പെട്ട അളവാണ് സീമാന്ത പ്രതിസ്ഥാപന നിരക്ക് എന്ന് വ്യക്തമാക്കുന്നു. സീമാന്ത പ്രതിസ്ഥാപന നിരക്ക് കുറഞ്ഞ് വരുന്നത് എന്തുകൊണ്ടെന്ന് ചർച്ചയിലൂടെ വ്യക്തമാക്കുന്നു.തുടർന്ന് എന്തുകൊണ്ടാണ് നിസ്സംഗതാ വക്രം കോൺവെക്സ് ആകൃതിയിലായതെന്ന് ചർച്ചയിലൂടെ മനസ്സിലാക്കുന്നു.

തുടർന്ന് ഗ്രാഫിന്റെ സഹായത്താൽ നിസ്സംഗതാ മാപ്പും നിസ്സംഗതാ വക്രത്തിന്റെ സവിശേഷതകളും അവതരിപ്പിക്കുന്നു.

### പ്രവർത്തനം-3

ഗ്രാഫിന്റെ സഹായത്താൽ ഉപഭോക്തൃ സംതുലിതാവസ്ഥ എന്ന ആശയം അവതരിപ്പിക്കുന്നു.നിസ്സംഗതാ വക്രവും ബജറ്റ് ലൈനും പരസ്പരം

സ്പർശിക്കുന്ന ബിന്ദുവാണ് സംതുലിതാവസ്ഥയെന്ന് പഠിതാക്കൾ തിരിച്ചറിയുന്നു. ഉപഭോക്തൃ സംതുലിതാവസ്ഥയുടെ അനിവാര്യ ഘടകങ്ങൾ ചർച്ചയിലൂടെ വിലയിരുത്തി ബോധ്യപ്പെടുന്നു.

## പ്രവർത്തനം-4

ഇന്ററാക്ടീവ് സെഷനിലൂടെ ചോദനം എന്ന ആശയം അവതരിപ്പിക്കുന്നു. പഠിതാക്കളെ സ്വയം ഉപഭോക്താക്കളായി സങ്കൽപിക്കാൻ ആവശ്യപ്പെടുക. അങ്ങിനെയെങ്കിൽ ഉപഭോക്താവിന്റെ ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് ലിസ്റ്റ് ചെയ്യാൻ വ്യക്തിഗത പ്രവർത്തനം നൽകുക. ചർച്ചകൾക്ക് ശേഷം ചോദനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ ഒരു ചാർട്ടിൽ ക്രോഡീകരിച്ച് അവതരിപ്പിക്കുക.ചർച്ചകളിലൂടെ ചോദന നിയമം ചോദന പട്ടിക അവതരിപ്പിക്കുക.ചോദന പട്ടികയെ ചോദന നിയമമാക്കാൻ നിർദ്ദേശം നൽകാം.ചർച്ചകൾക്കു ശേഷം ചോദന വക്രം ഗ്രാഫിന്റെ സഹായത്താൽ വ്യക്തമാക്കുക.

പട്ടികയുടേയും ഗ്രാഫിന്റേയും സഹായത്താൽ കമ്പോള ചോദന പട്ടിക കമ്പോള ചോദന വക്രം എന്നിവ അവതരിപ്പിക്കുക.ഇവിടെ സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഭാഗമായി കമ്പോള ചോദനം കണ്ടെത്താനുള്ള ചോദ്യങ്ങൾ നൽകാവുന്നതാണ്.ഉദാഹരണത്തിന് $D_1 = 10-3P$  $D_2 = 20-P$ എന്നീ വ്യക്തിഗത ചോദന സൂത്രവാക്യങ്ങൾ ഉപയോഗിച്ച് കമ്പോള ചോദന സൂത്രവാക്യം കമ്പോള ചോദന വക്രം കാണുക.

അതേപോലെ താഴെ തന്നിരിക്കുന്ന പട്ടിക ഉപയോഗിച്ച് കമ്പോള ചോദനം കാണുക.

| വില | $D_1$ | $D_2$ |
|---|---|---|
| 1 | 10 | 20 |
| 2 | 8 | 19 |
| 3 | 6 | 16 |
| 4 | 4 | 12 |
| 5 | 2 | 10 |

## പ്രവർത്തനം-5

ഗ്രാഫിന്റെ സഹായത്താൽ ചോദന മാറ്റങ്ങൾ അവതരിപ്പിക്കുന്നു.അവതരണത്തിനും ചർച്ചകൾക്കും ശേഷം ചോദന

വ്യാപന- സങ്കോചവും, ചോദന വർദ്ധന-കുറവും പഠിതാക്കൾ വേർതിരിച്ചറിയുന്നു. ചോദന മാറ്റത്തിന്റെ കാരണങ്ങൾ പഠിതാക്കൾ വിശകലനം ചെയ്യുന്നു. ഇവിടെ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് ഗ്രാഫ് വ്യക്തമാക്കാവുന്നതാണ്.

പ്രവർത്തനം-6

ഇന്ററാക്ടീവ് സെഷനിലൂടെ ഇലസ്റ്റികത എന്ന ആശയം അവതരിപ്പിക്കുന്നു. ഗ്രാഫിന്റെ സഹായത്താൽ ഇലാസ്റ്റികതടെ തരങ്ങൾ അവതരിപ്പിക്കുന്നു.ഇവിടെ സ്വയം വിലയിരുത്തലിന്റെ ഭാഗമായി വിവിധ ഗ്രാഫുകൾ കണ്ട് ഇലാസ്റ്റികതയുടെ തരമേതെന്ന് കണ്ടെത്താനുള്ള ചോദ്യങ്ങൾ നൽകാവുന്നതാണ്.ഓരോ തരം ഇലാസ്റ്റികതയുടെയും തോതും,വക്രത്തിന്റെ ആകൃതിയും പഠിതാക്കൾ വിശകലനം ചെയ്ത് മനസ്സിലാക്കണം.ഇലാസ്റ്റികത അളക്കുന്ന രീതികളിൽ അനുപാതിക രീതി പഠിതാക്കൾക്ക് അൽപം പ്രയാസമുള്ള ഭാഗമാകാം.അതുകൊണ്ട് പ്രശ്ന പരിഹാര രീതിയിൽ ഉദാഹരണങ്ങൾ നിരവധി നൽകി വേണം ആനുപാതിക രീതി അവതരിപ്പിക്കാൻ.

<u>പ്രവർത്തനം-7</u>

ഗ്രാഫിന്റെ സഹായത്താൽ ജ്യാമിതീയ രീതി അവതരിപ്പിക്കുന്നു. ഇലാസ്റ്റികതടെ അഞ്ചു തരങ്ങൾ ഗ്രാഫിന്റെ സഹായത്താൽ വിശകലനം ചെയ്യാൻ കഴിയണം.

ചർച്ചകളിലൂടെയും പട്ടിക ഉപയോഗിച്ചും ഇലാസ്റ്റികത കാണാനുള്ള മൊത്തം ചെലവ് രീതി അവതരിപ്പിക്കുന്നു.മൊത്തം ചെലവ് രീതി പ്രകാരം ഇലാസ്റ്റികത കാണാനുള്ള ചോദ്യങ്ങൾ സ്വയം വിലയിരുത്തലിനായി പഠിതാക്കൾക്ക് നൽകാവുന്നതാണ്.

ചർച്ചയിലൂടെ ഇലാസ്റ്റികതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തി അവതരിപ്പിക്കുന്നു.

<u>വിലയിരുത്തൽ ചോദ്യങ്ങൾ</u>

1. പ്രതിസ്ഥാപന വസ്തുക്കളും അനുപൂരക വസ്തുക്കളും ഉദാഹരണ സഹിതം വ്യക്തമാക്കുക.

2.താഴെ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കമ്പോള ചോദനം കണ്ടുപിടിക്കുക.

| വില | $D_1$ | $D_2$ |
|---|---|---|
| 1 | 80 | 60 |
| 2 | 60 | 40 |

| | | |
|---|---|---|
| 3 | 40 | 30 |
| 4 | 30 | 18 |
| 5 | 10 | 8 |

**3.ചോദനത്തിലെ മാറ്റങ്ങൾ ചിത്ര സഹായത്താൽ വ്യക്തമാക്കുക.**

**4.താഴെ തന്നിരിക്കുന്ന ഉപഭോക്താവിന്റെ വിവരങ്ങൾ വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ബാബു അരിയും പഞ്ചസാരയും വാങ്ങാൻ ആഗ്രഹിക്കുന്നു.അദ്ദേഹത്തിന്റെ വരുമാനം 60 രൂപ എന്നും ഉൽപന്നങ്ങളുടെ കമ്പോളവില യഥാക്രമം 10 രൂപ, 20 രൂപ എന്നും സങ്കൽപിക്കുക.**

**i.ഉപഭോക്താവിന്റെ ബജറ്റ് രേഖാ സൂത്രവാക്യം എഴുതുക.**

**ii.പരമാവധി സംതൃപ്തി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന ഉപഭോക്താവ് നേരിടുന്ന തടസ്സങ്ങൾ ഏവ?**

**iii.ബജറ്റ് രേഖയുടെ ചരിവ് കാണുക.**

**iv.ബജറ്റ് രേഖാ സൂത്രവാക്യത്തെ അനുയോജ്യമായ ഡയഗ്രം വരച്ച് അവതരിപ്പിക്കുക.**

**v.അതേ ഡയഗ്രത്തിൽ നിസ്സംഗതാ മാപ് വരച്ച് ഉപഭോക്താവിന്റെ സംതുലിതാവസ്ഥ വിവരിക്കുക.**

# യൂണിറ്റ് 3

# ഉത്പാദനവും ചെലവും

**<u>ആമുഖം</u>**

സമ്പദ് വ്യവസ്ഥയിലെ അടിസ്ഥാന സാമ്പത്തിക പ്രവർത്തനമായ ഉത്പാദനവുമായി ബന്ധപ്പെട്ടതാണ് ഈ അധ്യായം.ഒരു ഉത്പാദന യൂണിറ്റിന്റെ ഉത്പാദന പ്രക്രിയ സൂക്ഷ്മമായി വിശകലനം ചെയ്യാൻ ഉപകരിക്കുന്ന ആശയങ്ങളായ ഉത്പാദന ധർമ്മം, ഉത്പാദനച്ചെലവ് എന്നിവയാണ് ഈ അധ്യായത്തിൽ പൊതുവെ അവതരിപ്പിച്ചിട്ടുള്ളത്.പഠിതാക്കൾക്ക് പരിചിതമായ സ്ഥാപനങ്ങളെ ഉദാഹരണമായി എടുത്ത്കൊണ്ടാവണം ഈ അധ്യായം അവതരിപ്പിക്കേണ്ടത്.

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| ഉത്പാദനം<br>ഉത്പാദന ധർമ്മം<br>-<br>ഹ്രസ്വകാല ഉത്പാദന ധർമ്മം<br>ദീർഘകാല ഉത്പാദന ധർമ്മം | ലളിതമായ ഉദാഹരണമെടുത്ത് പാഠഭാഗം ചർച്ച ചെയ്യുന്നു. ഉത്പാദന ധർമ്മം വ്യകതമാക്കപ്പെടുന്നു. കാലത്തെ അടിസ്ഥാനപ്പെടുത്തി ഉത്പാദന ധർമ്മം രണ്ട് തരത്തിലാണെന്ന് പഠിതാവ് തിരിച്ചറിയുന്നു.ഹ്സ്വകാല ഉത്പാദന ധർമ്മം, ദീർഘകാല ഉത്പാദന ധർമ്മം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നു. | ഉത്പാദനം നിർവ്വചിക്കുന്നു. ഉത്പാദന ഘടകങ്ങളെ പട്ടികപ്പെടുത്തുന്നു. ഉത്പാദന ധർമ്മം നിർവ്വചിക്കുന്നു.<br><br>ഹ്രസ്വകാലയളവ് ,ദീർഘകാലയളവ് ഇവതമ്മിലുള്ള വ്യത്യാസം എന്തെന്ന് തിരിച്ചറിയുന്നു.<br><br>ഹ്രസ്വകാല ഉത്പാദന ധർമ്മം ദീർഘകാല ഉത്പാദന ധർമ്മം എന്നിവ നിർവ്വചിക്കുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| മൊത്തം ഉൽപന്നം<br><br>ശരാശരി ഉൽപന്നം<br><br>സീമാന്ത ഉൽപന്നം<br><br>വിഭേദകാനുപാത നിയമം<br><br>തോതനുസരിച്ചുള്ള പ്രത്യയ നിയമം | ഉദാഹരണത്തിന്റെ സഹായത്തോടെ മൊത്തം ഉൽപന്നം, ശരാശരി ഉൽപന്നം, സീമാന്ത ഉൽപന്നം എന്നിവ വ്യക്തമാക്കുന്നു.<br><br>പട്ടികയിലൂടെ അവതരിപ്പിച്ച് ഇവ തമ്മിലുള്ള പരസ്പര ബന്ധം വിശകലനം ചെയ്യുന്നു.സ്വയം വിലയിരുത്തൽ ചോദ്യത്തിന്റെ ഭാഗമായി മൊത്തം ഉൽപന്നം, ശരാശരി ഉൽപന്നം, സീമാന്ത ഉൽപന്നം എന്നിവയുടെ പട്ടിക പൂർത്തീകരിക്കുന്നു.<br><br>പട്ടികയുടെയും ഗ്രാഫിന്റെയും സഹായത്തോടെ വിഭേദകാനുപാത നിയമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.<br><br>എന്തുകൊണ്ടാണ് മൊത്തം ഉത്പന്നം ആദ്യം വർദ്ധമാന നിരക്കിൽ വർദ്ധിക്കുന്നതെന്നും പിന്നീട് വർദ്ധനവിന്റെ തോത് കുറഞ്ഞു വരുന്നതെന്നും ചർച്ചയിലൂടെ മനസ്സിലാക്കുന്നു.<br><br>പട്ടികയുടെയും ഗ്രാഫിന്റെയും സഹായത്തോടെ തോതനുസരിച്ചുള്ള പ്രത്യയ നിയമം അവതരിപ്പിക്കുന്നു. നിവേശങ്ങളും ഉത്പന്നങ്ങളും തമ്മിലുള്ള അനുപാതം വിശകലനം ചെയ്ത് തോതനുസരിച്ചുള്ള പ്രത്യയ നിയമത്തിന്റെ തരങ്ങൾ പഠിതാക്കൾ മനസ്സിലാക്കുന്നു. | മൊത്ത ഉത്പന്നം, ശരാശരി ഉൽപന്നം, സീമാന്ത ഉൽപന്നം എന്നിവ നിർവ്വചിക്കുകയും കണക്കാക്കുകയും ചെയ്യുന്നു.<br><br>വിഭേദകാനുപാത നിയമം പട്ടികയുടെയും ഗ്രാഫിന്റെയും സഹായത്തോടെ വിശകലനം ചെയ്യുന്നു.<br><br>വിഭേദകാനുപാത നിയമത്തിൽ മൊത്ത ഉത്പന്നം, ശരാശരി ഉത്പന്നം, സീമാന്ത ഉത്പന്നം ഇവ തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിയുന്നു.<br><br>തോതനുസരിച്ചുള്ള പ്രത്യയ നിയമം നിർവ്വചിക്കുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| ഉത്പാദന ചെലവ്, പണച്ചെലവ്, യഥാർത്ഥ ചെലവ് സ്ഥിര ചെലവ് വിഭേദക ചെലവ് . TFC,TVC,TC | ഉദാഹരണങ്ങളെടുത്ത് നടത്തുന്ന ചർച്ചയിലൂടെ ഉത്പാദന ചെലവ് എന്ന ആശയം പഠിതാവ് മനസ്സിലാക്കുന്നു. ഉത്പാദനത്തിലെ വിവധ തരം ചെലവുകൾ ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെടുന്നു.പണച്ചെലവ്, യഥാർത്ഥ ചെലവ് എന്നിവ വേർതിരിച്ചറിയുന്നു. പണച്ചെലവിനെ സ്ഥിരച്ചെലവെന്നും വിഭേദക ചെലവെന്നും പട്ടികയുടെ സഹായത്തോൽ വേർതിരിച്ച് വ്യക്തമാക്കുന്നു. TFC,TVC,TC എന്നിവയുടെ പരസ്പര ബന്ധം സമവാക്യം രൂപീകരിച്ച് മനസ്സിലാക്കുന്നു. | ഉത്പാദന ചെലവ് നിർവ്വചിക്കുന്നു. വിവിധ തരം ചെലവുകൾ പട്ടികപ്പെടുത്തി വേർതിരിച്ചറിയുന്നു. |
| ശരാശരി സ്ഥിര ചെലവ്,ശരാശരി വിഭേദക ചെലവ്, സീമാന്ത ചെലവ് | പട്ടികയുടെ സഹായത്തോടെ വിവിധ തരം ചെലവുകൾ വിശദീകരിക്കുന്നു. ചർച്ചയിലൂടെ ശരാശരി സ്ഥിര ചെലവ്,ശരാശരി വിഭേദക ചെലവ് സീമാന്ത ചെലവ് എന്നിവ കാണാനുള്ള സമവാക്യം രൂപീകരിക്കുന്നു. പട്ടികയിലൂടെ വിവിധ തരം ചെലവുകൾ കണ്ടെത്തുന്നു. ശരാശരി സ്ഥിര ചെലവ്,ശരാശരി വിഭേദക ചെലവ്, സീമാന്ത ചെലവ് എന്നിവ ഗ്രാഫിന്റെ സഹായത്താൽ വിശകലനം ചെയ്ത് പരസ്പര ബന്ധം കണ്ടെത്തുന്നു. | മോത്തം ചെലവിൽ നിന്നും ശരാശരി ചെലവ്, സീമാന്ത ചെലവ് എന്നിവ കണ്ടെത്തുന്നു. ശരാശരി സ്ഥിര ചെലവ്,ശരാശരി വിഭേദക ചെലവ് സീമാന്ത ചെലവ് ,എന്നിവ ഗ്രാഫിന്റെ സഹായത്താൽ വിശകലനം ചെയ്യുന്നു. പരസ്പര ബന്ധം കണ്ടെത്തുന്നു. |

## പാഠത്തിലേക്ക്

### പ്രവർത്തനം-1

ലളിതമായ ഉദാഹരണങ്ങളിലൂടെ ഉത്പാദനവും ഉത്പാദന ധർമ്മവും

**അവതരിപ്പിക്കുക.ഹ്രസ്വകാല ഉത്പാദന ധർമ്മവും ദീർഘകാല ഉത്പാദന ധർമ്മവും വേർതിരിച്ച് വിശദീകരിക്കണം.**

## പ്രവർത്തനം-2

**മൊത്തം ഉത്പന്നം, ശരാശരി ഉത്പന്നം, സീമാന്ത ഉത്പന്നം എന്നീ ആശയങ്ങൾ പട്ടികയുടേയും ഗ്രാഫിന്റേയും അടിസ്ഥാനത്തിൽ വിശദമാക്കുന്നു.മൊത്തം ഉത്പന്നം, ശരാശരി ഉത്പന്നം, സീമാന്ത ഉത്പന്നം എന്നിവയുടെ സമവാക്യങ്ങൾ ചർച്ചയിലൂടെ അവതരിപ്പിക്കുന്നു. ആശയങ്ങൾ സ്വാംശീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായി സ്വയം വിലയിരുത്തൽ പ്രവർത്തനം നൽകാവുന്നതാണ്.ഉദാ-**

| Input | TP | AP | MP |
|---|---|---|---|
| 1 | 10 | | |
| 2 | 18 | | |
| 3 | 24 | | |
| 4 | 28 | | |
| 5 | 30 | | |

## പ്രവർത്തനം-3

**വിഭേദകാനുപാത നിയമം പട്ടികയുടെയും ഗ്രാഫിന്റെയും സഹായത്തോടെ വിശദീകരിക്കുന്നു. ഗ്രാഫ് വരച്ച് അവതരിപ്പിക്കാനുള്ള ശേഷി കൈവരിച്ചെന്ന് ഉറപ്പിക്കാൻ കഴിയണം.വിഭേദകാനുപാത നിയമത്തിലെ മൂന്ന് ഘട്ടങ്ങൾ തമ്മിലുള്ള താരതമ്യം വിശകലനം ചെയ്യാൻ കഴിയുന്ന രീതിയിൽ പാഠഭാഗം അവതരിപ്പിക്കണം.**

## പ്രവർത്തനം-4

**പട്ടികയുടേയും ഗ്രാഫിന്റെയും സഹായത്തോടെ തോതനുസരിച്ചുള്ള പ്രത്യായ നിയമം വിശദമാക്കുന്നു.നിവേശങ്ങളിലെ മാറ്റവും ഉത്പന്നത്തിലെ മാറ്റവും താരതമ്യം ചെയ്ത് തോതനുസരിച്ചുള്ള പ്രത്യായ നിയമത്തിന്റെ തരം പഠിതാക്കൾക്ക് നിർണ്ണയിക്കാൻ കഴിയണം. വർദ്ധമാന പ്രത്യായ നിയമവും സ്ഥിര പ്രത്യായ നിയമവും അപചയ പ്രത്യായ നിയമവും തിരിച്ചറിയാൻ പഠിതാക്കൾക്ക് കഴിയണം.ഇവിടെ സ്വയം വിലയിരുത്തൽ ചോദ്യം നൽകാവുന്നതാണ്.ഉദാ-താഴെ കൊടുത്തിട്ടുള്ളതിൽ ഏത് പ്രത്യയ നിയമമാണ് പ്രവർത്തിക്കുന്നത്.**

| നിവേശങ്ങൾ | ഉത്പന്നം |
|---|---|
| 2 | 10 |
| 4 | 15 |

**പ്രവർത്തനം-5**

**പണച്ചെലവും യഥാർത്ഥ ചെലവും ചർച്ചകളിലൂടെ അവതരിപ്പിക്കുന്നു. പട്ടികപ്പെടുത്തിയ പണച്ചെലവിനെ സ്ഥിര ചെലവ് എന്നും വിഭേദക ചെലവ് എന്നും രണ്ടായി തരംതിരിക്കാൻ ഉതകുന്ന പ്രവർത്തനം നൽകുന്നു. TFC,TVC,TC എന്നീ ചെലവിന്റെ തരങ്ങൾ പട്ടികയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. തുടർന്ന് ഒരു പട്ടിക നൽകി TFC,TVC,TC എന്നിവ തമ്മിലുള്ള പരസ്പര ബന്ധം സമവാക്യം രൂപീകരിച്ച് മനസ്സിലാക്കുന്നു.**

**TFC,TVC,TC എന്നിവ കണ്ടെത്താൻ ഒരു സ്വയം വിലയിരുത്തൽ ചോദ്യം നൽകാവുന്നതാണ്. ഗ്രാഫിൽ TFC,TVC,TC എന്നിവ വരക്കാനുള്ള പ്രവർത്തനം നൽകുന്നു.**

## പ്രവർത്തനം-6

**AFC,AVC,SAC,SMC എന്നിവ ചർച്ചയിലൂടെയും ഉദാഹരണത്തിലൂടെയും വിശദീകരിക്കുന്നു.പട്ടിക പൂർത്തീകരിക്കുന്ന പ്രവർത്തനം വ്യക്തിഗതമായി നൽകുന്നു.**

| Output | TC | TFC | TVC | AFC | AVC | AC | MC |
|---|---|---|---|---|---|---|---|
| 0 | | | | | | | |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| 4 | | | | | | | |
| 5 | | | | | | | |

**പട്ടിക പൂർത്തീകരിച്ചതിനു ശേഷം അധ്യാപകൻ ക്രോഡികരിക്കുന്നു.**

**തുടർന്ന് വിവിധ ചെലവിനങ്ങൾ ഗ്രാഫിലേക്ക് പകർത്തി പരസ്പര ബന്ധം വിശദമാകുന്നു.**

## വിലയിരുത്തൽ ചോദ്യങ്ങൾ

**1.താഴെ കൊടുത്തിരിക്കുന്നവയെ സ്ഥിര ചെലവ് എന്നും വിഭേദക ചലവ് എന്നും രണ്ടായി തിരിക്കുക.**

**ശമ്പളം,തൊഴിലാളികളുടെ കൂലി,പലിശ,അസംസ്കൃത വസ്തുക്കളുടെ ചെലവ്, വാടക.**

**2.ശരാശരി ചെലവും സീമാന്ത ചെലവും തമ്മിലുള്ള ബന്ധം ഗ്രാഫിന്റെ സഹായത്താൽ വിശദമാക്കുക.**

**3.ഒരു ഉത്പാദന യൂണിറ്റിന്റെ മൊത്ത ഉത്പന്ന പട്ടികയാണ് താഴെ തന്നി രിക്കുന്നത്.ഒരു യൂണിറ്റ് മൂലധനത്തിന് മുടക്കുന്നത് 100 രൂപയായും ഒരു യൂണിറ്റ്**

അദ്ധ്വാനത്തിന് മുടക്കുന്നത് 10 രൂപയായും സങ്കൽപിക്കുക.

A) ശരാശരി ഉത്പന്നം (AP), മൊത്ത ചെലവ്(TC ), ശരാശരി ചെലവ് (AC) എന്നിവ കണ്ടെത്തി താഴെ തന്നിരിക്കുന്ന പട്ടിക പൂരിപ്പിക്കുക.

| Capital | Labour | Total Product | Average product | Total Cost | Average Cost |
|---|---|---|---|---|---|
| 10 | 0 | 0 | | | |
| 10 | 1 | 1 | | | |
| 10 | 2 | 3 | | | |
| 10 | 3 | 6 | | | |
| 10 | 4 | 10 | | | |
| 10 | 5 | 13 | | | |
| 10 | 6 | 15 | | | |
| 10 | 7 | 16 | | | |
| 10 | 8 | 16 | | | |
| 10 | 9 | 15 | | | |

B ഉത്പന്ന പട്ടികയും ചെലവ് പട്ടികയും തമ്മിലുള്ള സാമ്യതയും വ്യത്യാസവും വിശകലനം ചെയ്യുക.

i. ശരാശരി ഉൽപന്നം (AP), ശരാശരി ചെലവ് (AC) എന്നിവ തമ്മിലുള്ള പരസ്പര ബന്ധമെന്ത്?

ii. ഗ്രാഫിൽ അവതരിപ്പിക്കുമ്പോൾ ശരാശരി ഉത്പന്നവും (AP) ശരാശരി ചെലവും (AC) ഏത് ആകൃതിയാണ് സ്വീകരിക്കുന്നത്?

iii. സാമ്പത്തിക ശാസ്ത്രത്തിന്റെ ഏത് സിദ്ധാന്തമാണ് ശരാശരി ഉത്പന്നത്തിന്റേയും (AP) ശരാശരി ചെലവിന്റേയും (AC) ആകൃതിക്ക് കാരണമായിട്ടുള്ളത്?

## യൂണിറ്റ് -4

## പൂർണ്ണ മത്സര കമ്പോളത്തിലെ ഉത്പാദക യൂണിറ്റിനെ കുറിച്ചുള്ള സിദ്ധാന്തം

**ആമുഖം**

**പൂർണ്ണ മത്സര കമ്പോളം, അതിന്റെ സവിശേഷതകൾ, പ്രസ്തുത കമ്പോളത്തിൽ ഒരു ഉത്പാദക യൂണിറ്റിന്റെ സന്തുലിതാവസ്ഥ, ഒരു ഉത്പാദക യൂണിറ്റിന്റെ പ്രദാനം ,അതിനെ നിർണ്ണയിക്കുന്ന ഘടകങ്ങൾ, പ്രദാന നിയമം, പ്രദാന ഇലാസ്തികത തുടങ്ങിയവയാണ് പ്രധാനമായും ഈ അധ്യായം പ്രതിപാദിക്കുന്നത്. കമ്പോള സമ്പദ് വ്യവസ്ഥയെ അതിന്റെ അമൂർത്ത തലത്തിൽ നിന്നുകൊണ്ടാണ് പൂർണ്ണ മത്സര കമ്പോള സിദ്ധാന്തം രൂപീകരിച്ചിട്ടുള്ളത് എന്നും ഇത് ശാസ്ത്രാന്വേഷണത്തിന്റെ സമീപനമാണെന്ന കാര്യവും സ്വാംശീകരിക്കുന്ന രീതിയിലാകണം ഈ പാഠഭാഗത്തിന്റെ അവതരണം.**

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| പൂർണ്ണ മത്സര കമ്പോളവും അതിന്റെ സവിശേഷതകളും.<br><br>ഒരു ഉത്പാദക യൂണിറ്റിന് പരമാവധി ലാഭം ലഭിക്കുന്നതിനുള്ള നിബന്ധനകൾ.<br><br>ഒരു ഉത്പാദക യൂണിറ്റിന്റെ സന്തുലിതാവസ്ഥ. അടച്ചുപൂട്ടൽ അവസ്ഥ,ലാഭ നഷ്ട രഹിത ബിന്ദു. | ഇൻ്ററാക്ടീവ് ക്ലാസ്സിലൂടെ പൂർണ്ണ മത്സര കമ്പോളവും അതിന്റെ സവിശേഷതകളും അവതരിപ്പിക്കുന്നു.ആനിമേറ്റഡ് പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗപ്പെടുത്താവുന്നതാണ്.<br><br>ഒരു ഉത്പാദക യൂണിറ്റിന് പരമാവധി ലാഭം ലഭിക്കുന്നതിനുള്ള നിബന്ധനകൾ പഠിതാവിന്റെ മുന്നറിവ് ഉപയോഗപ്പെടുത്തി ഗ്രാഫ് വരച്ച് അവതരിപ്പിക്കുന്നു.<br><br>സന്തുലിത വിലയും സന്തുലിത അളവും എന്താണെന്ന് പഠിതാക്കൾ ഭാഗവാക്കാകുന്ന ഗ്രാഫ് വരച്ച് വിശദീകരിക്കുന്നു. | പൂർണ്ണ മത്സര കമ്പോളത്തെ നിർവചിക്കുകയും അതിന്റെ സവിശേഷതകൾ തിരിച്ചറിയുകയും ചെയ്യുന്നു. ഒരു ഉത്പാദക യൂണിറ്റിന് പരമാവധി ലാഭം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ഗ്രാഫ് വരച്ച് വിശദീകരിക്കുന്നു.<br><br>സന്തുലിത വിലയും സന്തുലിത അളവും എന്താണെന്ന് മനസ്സിലാക്കുന്നു.ഗ്രാഫ് വരച്ച് അവതരിപ്പിക്കാനുള്ള ശേഷി കൈവരിക്കുന്നു.അതുപോലെ അടച്ചുപൂട്ടൽ അവസ്ഥ,ലാഭ നഷ്ട രഹിത ബിന്ദു എന്താണെന്ന് മനസ്സിലാക്കി ഗ്രാഫ് എന്നിവ വരച്ച് അടയാളപ്പെടുത്താനുള്ള ശേഷി കൈവരിക്കുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/ പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| പ്രദാനവും അതിനെ നിർണ്ണയിക്കുന്ന ഘടകങ്ങളും. പ്രദാന ഇലാസ്തികതയും അതിനെ അളക്കാനുള്ള രീതികളും. | പ്രദാന വക്രം, പ്രദാന നിയമം, പ്രദാനവും അതിനെ സ്വാധീനിക്കുന്ന ഘടകങ്ങളും പ്രദാന ഇലാസ്തികതയും അതിനെ അളക്കാനുള്ള രീതികളും അവതരിപ്പിക്കുന്നു. | പ്രദാനവും MC വക്രവും തമ്മിലുള്ള ബന്ധം ഗ്രാഫിന്റെ സഹായത്തോടെ മനസ്സിലാക്കുന്നു.<br><br>പ്രദാന വക്രം,പ്രദാന നിയമം,പ്രദാനവും അതിനെ സ്വാധീനിക്കുന്ന ഘടകങ്ങളും പ്രദാന ഇലാസ്തികതയും അതിനെ അളക്കാനുള്ള രീതികളും മനസ്സിലാക്കുന്നു. |

## പാഠത്തിലേക്ക്

## പ്രവർത്തനം-1

ചാർട്ട് പേപ്പർ അഥവാ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് പൂർണ്ണ മത്സര കമ്പോളവും അതിന്റെ സവിശേഷതകളും അവതരിപ്പിക്കുന്നു. ക്ലാസ് ഇൻററാക്ടീവാക്കാൻ അനുയോജ്യമായ തന്ത്രം സ്വീകരിക്കാവുന്നതാണ്.ആരാണ് ഞാനെന്ന് പറയാമോ? സപ്തനിറങ്ങളെപ്പോലെ, സപ്തസ്വരങ്ങളെപ്പോലെ സപ്തഗുണങ്ങളാണെനിക്കുള്ളത്.ഈ ആമുഖത്തോടെ അധ്യാപകൻ ചാർട്ട് പേപ്പറിൽ അഥവാ പ്രസെന്റേഷൻ സ്ലൈഡിൽ ഓരോ സവിശേഷതകളേയും അവതരിപ്പിക്കുന്നു. ക്രോഡീകരിച്ച്കൊണ്ട് പൂർണ്ണ മത്സര കമ്പോളത്തെ നിർവചിക്കുന്നു.

## പ്രവർത്തനം-2

ഉൽപാദക യൂണിറ്റിന്റെ ലക്ഷ്യം ലാഭമാണെന്നും പരമാവധി ലാഭം ലഭിക്കുമ്പോളാണ് സന്തുലിതാവസ്ഥയിൽ എത്തിച്ചേരുന്നതെന്നും പറഞ്ഞതിനു ശേഷം രണ്ട് ചിത്രങ്ങൾ ബോർഡിൽ (അല്ലെങ്കിൽ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച്)വരക്കുന്നു. ഒരു ഉൽപാദക യൂണിറ്റിന് പരമാവധി ലാഭം ലഭിക്കുന്നതിനുള്ള നിബന്ധനകൾ പാലിക്കുന്ന ചിത്രമേതാണെന്നും പ്രസ്തുത ചിത്രത്തിൽ ആ ബിന്ദു ഏതാണെന്ന് കണ്ടെത്താനും ആ ബിന്ദുവിന്റെ സവിശേഷതകൾ എഴുതാനും ആവശ്യപ്പെടുന്നു. ബോർഡിൽ എഴുതി അല്ലെങ്കിൽ ആനിമേഷനിലൂടെ സ്ലൈഡിൽ നിബന്ധനകൾ കാണിക്കുന്നു.

## പ്രവർത്തനം-3

ലാഭത്തെകുറിച്ച് ലഭിക്കേണ്ട ധാരണകൾ നൽകിയതിനു ശേഷം സന്തുലിത വിലയും സന്തുലിത അളവും എന്താണെന്ന് വ്യക്തമാക്കുന്നു. പരമാവധി പഠിതാക്കൾ ഭാഗവാക്കാകുന്ന(ഒരാൾ ഒരുരേഖ അല്ലെങ്കിൽ ഒരു വക്രം വരക്കുക അല്ലെങ്കിൽ ഒരു

ബിന്ദു അടയാളപ്പെടുത്തൽ മാത്രമേ നിർവ്വഹിക്കാവൂ ) സന്തുലിത ബിന്ദു,സന്തുലിത വില, സന്തുലിത അളവ്,അടച്ചുപൂട്ടൽ അവസ്ഥ,ലാഭ നഷ്ട രഹിത ബിന്ദു എന്നിവ വ്യക്തമാക്കുന്ന ചിത്രം ബോർഡിൽ വരക്കാൻ ആവശ്യപ്പെടുന്നു. ആശയം ഉറപ്പിക്കുന്നതിനും ചിത്രം വരക്കാനുള്ള ശേഷി കരസ്ഥമാക്കുന്നതിനും മറ്റൊരു ചിത്രം അധ്യാപകൻ വരച്ച് കാണിക്കേണ്ടതാണ്. ഈ പ്രവർത്തനവും CE യിലേക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

## പ്രവർത്തനം-4

പഠിതാക്കൾ തയ്യാറാക്കിയ ചാർട്ട് ഉപയോഗിച്ച് പ്രദാന വക്രം,പ്രദാന നിയമം,പ്രദാനവും അതിനെ സ്വാധീനിക്കുന്ന ഘടകങ്ങളും സപ്ളൈ ഇലാസ്തികതയും അതിനെ അളക്കാനുള്ള രീതികളും എന്നിവ അവതരിപ്പിക്കുന്നു.ഓരോ ഘട്ടത്തിലും ക്രോഡീകരണം നടത്തി ആശയങ്ങൾ സ്വായത്തമാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് സമയം ലാഭിക്കാവുന്നതാണ്.

വിലയിരുത്തൽ ചോദ്യങ്ങൾ

1.വ്യത്യസ്ത തരത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുക.

ഒരു ഉത്പന്നത്തിന്റെ വില രണ്ടു രൂപയായിരിക്കുമ്പോൾ സപ്ളൈ പത്ത് യൂണിറ്റായിരുന്നു.വില നാല് രൂപയായി വർദ്ധിച്ചപ്പോൾ സപ്ളൈ ഇരുപത് യൂണിറ്റായി വർദ്ധിച്ചു. സപ്ളൈ ഇലാസ്തികത കണക്കാക്കുക.

2. എന്റെ ആൽബം തയ്യാറാക്കുക.

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള ചിത്രം നോക്കി ടോപ് ടെൻ ചിത്രം ആൽബത്തിൽ വരക്കുക.അനുയോജ്യമായ തലക്കെട്ടും അടിക്കുറിപ്പും നൽകുക.

## യൂണിറ്റ്-5
# കമ്പോള സന്തുലിതാവസ്ഥ

**ആമുഖം**

മുൻ അധ്യായങ്ങളിൽ ഡിമാന്റും സപ്ളെയും വിശദമായി പഠിച്ച് ആവശ്യമായ ആശയങ്ങൾ സ്വായത്തമാക്കിയാണ് പഠിതാക്കൾ കമ്പോള സന്തുലിതാവസ്ഥയെ കുറിച്ച് പഠിക്കുന്നത്.പൂർണ്ണ മത്സര കമ്പോളത്തിൽ ഉൽപാദകരും ഉപഭോക്താക്കളും തുല്യ ശക്തികളാണ് എന്ന പ്രധാന ആശയത്തെ അടിസ്ഥാനപ്പെടുത്തിയാണ് സന്തുലിത വില നിർണ്ണയം,ഡിമാന്റ് സപ്ളെ എന്നിവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സന്തുലിതാവസ്ഥയെ എങ്ങനെ സ്വാധീനിക്കുന്നു,വിലപരിധി, തറവില എന്നിവയെകുറിച്ച് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| കമ്പോള സന്തുലിതാവസ്ഥ,<br>സന്തുലിത വില,<br>അധിക ഡിമാന്റ്,<br>അധിക സപ്ളെ,<br>സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ,<br>വില പരിധിയും തറവിലയും | താരതമ്യം ചെയ്ത് തയ്യാറാക്കിയ സെമിനാർ പേപ്പറിന്റെ അവതരണവും ചർച്ചയും ക്രോഡീകരണവും.<br><br>വ്യക്തിഗത പ്രവർത്തനം ഡിമാന്റ് സപ്ളെ രേഖീയ സമവാക്യം ഉപയോഗിച്ച് കൊണ്ട് സന്തുലിത വിലയും അളവും കണക്കാക്കുന്നു.<br><br>ഡിമാന്റിലേയും സപ്ളെയിലേയും മാറ്റം മൂലം സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം.<br>സർക്കാറിന്റെ കമ്പോള ഇടപെടലുകൾ. | സന്തുലിതാവസ്ഥ എന്തെന്ന് നിർവ്വചിക്കുന്നു.<br>പട്ടികയുടേയും ഗ്രാഫിന്റേയും സഹായത്തോടെ സന്തുലിതാവസ്ഥയെ വിശകലനം ചെയ്യുന്നു.<br>ഗണിത ഭാഷയിൽ സന്തുലിതാവസ്ഥയെ അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു.<br>ഡിമാന്റിലേയും സപ്ളെയിലേയും മാറ്റം മൂലം സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം എന്തെന്ന് തിരിച്ചറിയുന്നു.<br><br>വില പരിധിയും തറവിലയും താരതമ്യം ചെയ്യുന്നു.<br>കമ്പോള സംവിധാനത്തിന്റെ പരിമിതി മനസ്സിലാക്കുന്നു. |

**പാഠത്തിലേക്ക്**

**പ്രവർത്തനം-1**

ഈ അധ്യായത്തിലെ ആശയങ്ങൾ സ്വായത്തമാക്കാൻ കമ്പവലിയെ ആസ്പദമാക്കി പൊതുചർച്ച നയിക്കുന്നു. കമ്പവലിയിൽ വിരുദ്ധ ടീമുകൾ കാഴ്ചവെക്കുന്ന

പ്രവർത്തനത്തിന്റെ സമാനമായ പ്രവർത്തനമാണ് കമ്പോളത്തിൽ ഡിമാന്റും സപ്ളെയും നിർവഹിക്കുന്നത്. ആറ് ഗ്രൂപ്പുകളായി തിരിച്ച് താഴെ പറയുന്ന കാര്യങ്ങൾ TB യുടെ സഹായത്തോടെ കണ്ടെത്താൻ പറയുന്നു.

- കമ്പോളത്തിലെ ശക്തികൾ ഏവ?
- ഡിമാന്റിന്റെ പുറകിൽ അണിനിരന്നിട്ടുള്ള ഉപഭോക്താക്കൾ കമ്പോള വിലയെ സ്വാധീനിക്കുന്നതെങ്ങനെ?വിലയെ താഴ്ത്താനാണൊ ഉയർത്താനാണൊ ശ്രമിക്കുന്നത്?
- സപ്ളെക്ക് പുറകിൽ അണിനിരന്നിട്ടുള്ള ഉൽപാദകർ ചെലുത്തുന്ന സമ്മർദ്ദമേതുരീതിയിലുള്ളതാണ്?
- എങ്ങനെയാണ് സന്തുലിത വില നിർണ്ണയിക്കപ്പെടുന്നത് ?

- ഡിമാന്റിലുണ്ടാകുന്ന മാറ്റം മൂലം സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം
- സപ്ളെയിലുണ്ടാകുന്ന മാറ്റം മൂലം സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം

പട്ടിക തയ്യാറാക്കിയും ചിത്രം വരച്ചും സന്തുലിത വില നിർണ്ണയത്തെക്കുറിച്ച് സെമിനാർ പേപ്പർ തയ്യാറാക്കുക.

സെമിനാർ പേപ്പർ 6 ഭാഗങ്ങളായി 6 പഠിതാക്കൾ അവതരിപ്പിക്കുന്നു.

1.എന്താണ് കമ്പോള സന്തുലിതാവസ്ഥ ?

2.കമ്പോള വിലയും അതിന്റെ സമാന്തരമായ ഡിമാന്റും സപ്ളെയും രേഖപ്പെടുത്തിയ പട്ടിക

3.സന്തുലിത ബിന്ദുവും സന്തുലിത വിലയും സന്തുലിത അളവും വ്യക്തമാക്കുന്ന ഗ്രാഫ്

4.അധിക ഡിമാന്റും അധിക സപ്ളെയും ഉണ്ടാകുമ്പോൾ സന്തുലിതാവസ്ഥയിലേക്ക് തിരിച്ചെത്തുന്ന വിധം

5.ഡിമാന്റിലുണ്ടാകുന്ന മാറ്റം മൂലം സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം.സപ്ളെയിലുണ്ടാകുന്ന മാറ്റം മൂലം സന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം

6. ഡിമാന്റും സപ്ളെയും ഒരുമിച്ചു മാറുമ്പാൾ(ഒരേ ദിശയിലും വിപരീത ദിശയിലും)

എന്നിങ്ങനെ 6 ഭാഗങ്ങളായി അവതരിപ്പിക്കുന്നു.

അധ്യാപകൻ മോഡറേറ്ററായി സെമിനാറിനെ നിയന്ത്രിക്കുന്നു.ഓരോ അവതരണത്തിന്റെ ശേഷവും സംശയങ്ങൾ ചോദിക്കുവാനും ദൂരീകരിക്കുവാനും അവസരം ഉണ്ടായിരിക്കണം. ഈ അധ്യായത്തിലെ പ്രധാന ആശയങ്ങളിലൂടെ കടന്നുപോകുന്ന സെമിനാറെന്ന നിലക്ക് ഓരോ ഘട്ടത്തിൽ ഇടപെടുകയും അവസാനം ക്രോഡീകരിക്കുകയും വേണം. ക്രോഡീകരണത്തിനായി പ്രസെന്റേഷൻ സ്ലൈഡുകൾ ഉപയോഗിക്കാവുന്നതാണ്.പഠിതാക്കൾ തയ്യാറാക്കുന്ന സെമിനാർ പേപ്പർ CE യുടെ ഭാഗമായി വിലയിരുത്തേണ്ടതാണ്.

<u>പ്രവർത്തനം</u>-2 വ്യക്തിഗത പ്രവർത്തനം

ഡിമാന്റ് സപ്ളെ രേഖീയ സമവാക്യം ഉപയോഗിച്ച് കൊണ്ട് സന്തുലിത വിലയും അളവും കണക്കാക്കുന്നതെങ്ങനെ എന്ന് ഉദാഹരണം നൽകി അധ്യാപകൻ

വ്യക്തമാക്കുന്നു.അടുത്ത ഘട്ടത്തിൽ മറ്റൊരു പ്രോബ്ളം വ്യക്തിഗത പ്രവർത്തനമായി നൽകുന്നു.പഠിതാക്കൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ അധ്യാപകന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം.ഗൃഹപാഠം നൽകുകയും അത് ഗൃഹപാഠത്തിന്റെ ഭാഗമായി പഠിതാക്കൾ നിർവഹിക്കേണ്ടതുമാണ്.

പ്രവർത്തനം-3

പൊതു വിതരണ കേന്ദ്രങ്ങളിലൂടെ വിൽക്കുന്ന സാധനങ്ങളുടെ വിലയും കമ്പോള വിലയും തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ ആവശ്യപ്പെടുന്നു.അതുപോലെ സർക്കാർ നിശ്ചയിക്കുന്ന വില നൽകിക്കൊണ്ട് ഉൽപാദകരിൽ നിന്ന് ചില സാധനങ്ങൾ സർക്കാർ തന്നെ സംഭരിക്കുന്നു.ഈ വിലയും അത്തരം സാധനങ്ങളുടെ കമ്പോള വിലയും താരതമ്യം ചെയ്ത് വ്യത്യാസം കണ്ടെത്താൻ ആവശ്യപ്പെടുന്നു.ഇവിടെ സർക്കാർ വിപണിയിലേയും കമ്പോളത്തിലേയും സാധനങ്ങളുടെ ഉത്പാദന ചെലവ് ഒന്ന് തന്നെയാണെന്നും സബ്സിഡി നൽകിക്കൊണ്ട് സർക്കാർ ഇടപെടുനതിന്റെ ഭാഗമായാണ് വിലവ്യത്യാസം ഉണ്ടാകുന്നതെന്നും പഠിതാക്കൾ ചർച്ചയിലൂടെ തിരിച്ചറിയുന്നു. ഇന്ററാക്ടീവായ പൊതുചർച്ചയിലൂടെ വില പരിധി, തറവില എന്നീ പ്രധാന ആശയങ്ങളിലേക്ക് ക്ലാസിനെ നയിക്കുന്നു.

ഗ്രാഫ് വരച്ച് വില പരിധിയും തറവിലയും കമ്പോള സന്തുലിതാവസ്ഥയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ എന്തെന്നും വ്യക്തമാക്കുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1.സെമിനാർ റിപ്പോർട്ട് . ക്ലാസ്സിൽ അവതരിപ്പിച്ച സെമിനാറിനെ അടിസ്ഥാനപ്പെടുത്തി സെമിനാർ റിപ്പോർട്ട് തയ്യാറാക്കുക.

2.വില പരിധി, തറവില എന്നിവയ്ക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

3. മാവേലി സ്റ്റോറിലൂടേ വിൽക്കുന്ന സാധനങ്ങളും അവയുടെ വിലയും അതേ സാധനങ്ങളുടെ കമ്പോള വിലയുമായി താരതമ്യപ്പെടുത്തി വ്യത്യാസം കണ്ടെത്തുക.ഇതൊരു ഫീൽഡ് വർക്കായും നൽക്കാവുന്നതാണ്.

4.എന്റെ ആൽബം തയ്യാറാക്കുക.

ഈ അധ്യായത്തിൽനിന്ന് ഏറ്റവും പ്രധാനപ്പട്ട പത്ത് ചിത്രങ്ങൾ ആൽബത്തിലേക്ക് വരച്ച് ചേർക്കുക.അനുയോജ്യമായ തലക്കെട്ടും അടിക്കുറിപ്പും നൽകുക.

5. ഹോം വർക്ക് -ഒരു പൂർണ്ണ മത്സര കമ്പോളാധിഷ്ഠിത വ്യവസായത്തിൽ കമ്പോള ഡിമാന്റും കമ്പോള സപ്ളൈ ഫങ്ഷനുമാണ് താഴെ തന്നിരിക്കുന്നത്.

$Q\,d = 350 - 25P$;   $Q\,s = 200+10P$

a) Rs.1, 2, 3, 4, 5, 6, 7,8 എന്നീ വിലകളിൽ കമ്പോള ഡിമാന്റ്, കമ്പോള സപ്ളൈ എന്നീ ഷെഡ്യൂളുകൾ കാണുക.

b) തന്നിരിക്കുന്ന ഫങ്ഷൻസിനെ അടിസ്ഥാനപ്പെടുത്തി  സന്തുലിത വില കാണുക.

c) സന്തുലിതാവസ്ഥയെ ഗ്രാഫ് വരച്ച് അവതരിപ്പിക്കുക.

# യൂണിറ്റ്-6

# മറ്റ് കമ്പോള രൂപങ്ങൾ

**ആമുഖം**

**കുത്തക കമ്പോളം(മോണോപലി), കുത്തക മത്സര കമ്പോളം (മോണോപലിസ്റ്റിക് കോമ്പിടീഷൻ),അൽപാധീശത്വ കമ്പോളം(ഒലിഗോപലി) എന്നീ മറ്റ് കമ്പോള രൂപങ്ങളുടെ സവിശേഷതകളെ കുറിച്ചും അത്തരം കമ്പോളങ്ങളിൽ ഒരു ഉൽപാദക യൂണിറ്റ് ലാഭം പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് സന്തുലിതാവസ്ഥയിലേക്ക് എത്തിച്ചേരുന്നത് എങ്ങനെ എന്നും മനസ്സിലാക്കാൻ സഹായിക്കുന്നതാണ് ഈ അധ്യായം.**

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| കുത്തക കമ്പോളവും അതിന്റെ സവിശേഷതകളും<br><br>വിവിധ കമ്പോള രൂപങ്ങളിൽ ഡിമാന്റ് വക്രവും സീമാന്ത വരുമാന വക്രങ്ങളും.<br>കുത്തക മത്സര കമ്പോളവും അതിന്റെ സവിശേഷതകളും<br>അൽപാധീശത്വ കമ്പോളവും അതിന്റെ | പഠിതാക്കൾക്ക് പരിചിതമായ വ്യവസായങ്ങൾ ഉദാഹരണമായെടുത്ത് മൂന്ന് കമ്പോള രൂപങ്ങളെ പരിചയപ്പെടുത്തുന്നു.<br>ക്വിസ് മത്സരത്തോടെ ക്ലാസ് ആരംഭിക്കുന്നു.ഇന്ത്യൻ റയിൽവെ, സോപ് വ്യവസായം,ഇന്ത്യയിലെ ഓയിൽ നിർമ്മാണ കമ്പനികൾ എന്നീ വ്യവസായങ്ങൾ തമ്മിലുള്ള വ്യത്യാസം ഗ്രൂപ്പ് ചർച്ചയിലൂടെ വിശകലനം ചെയ്യുന്നു.<br>ഗ്രൂപ്പിൽ മൂന്ന് കമ്പോള രൂപങ്ങളുടേയും സവിശേഷതകൾ | കുത്തക കമ്പോളത്തെ നിർവചിക്കുന്നു.<br>കുത്തക കമ്പോളത്തിലെ സവിശേഷതകൾ തിരിച്ചറിയുന്നു.<br>കുത്തക കമ്പോളത്തിലെ ഡിമാന്റ് വക്രവും സീമാന്ത വരുമാന വക്രവും എപ്രകാരമെന്ന് തിരിച്ചറിയുന്നു.<br>കുത്തക മത്സര കമ്പോളത്തെ നിർവ്വചിക്കുന്നു.<br>കുത്തക മത്സരകമ്പോളത്തിലെ സവിശേഷതകൾ തിരിച്ചറിയുന്നു.<br>അൽപാധീശത്വ കമ്പോളത്തെ |

| | | |
|---|---|---|
| സവിശേഷതകളും<br><br>വിവിധ കമ്പോള രൂപങ്ങൾ-ഒരു താരതമ്യ പഠനം | പ്രഫോർമയെ ഉപയോഗിച്ച് പട്ടികപ്പെടുത്തുന്നു.<br>പൂർണ്ണ മത്സര കമ്പോളമടക്കം നാല് കമ്പോള രൂപങ്ങളുടേയും ഡിമാന്റ് വക്രവും സീമാന്ത വരുമാന വക്രങ്ങളും തമ്മിലുള്ള വ്യത്യാസം ഗ്രാഫ് വരച്ച് അവതരിപ്പിക്കുന്നു. | നിർവചിക്കുകയും അതിന്റെ സവിശേഷതകൾ കണ്ടെത്തുയും ചെയ്യുന്നു.<br><br>വിവിധ കമ്പോള രൂപങ്ങളുടെ താരതമ്യ പഠനം നടത്തുന്നു. |

<u>**പാഠത്തിലേക്ക്**</u>

<u>**പ്രവർത്തനം**</u>**-1**

**ഇന്ത്യൻ റയിൽവെ, സോപ് വ്യവസായം,ഇന്ത്യയിലെ ഓയിൽ നിർമ്മാണ കമ്പനികൾ എന്നീ വ്യവസായങ്ങൾ തമ്മിലുള്ള വ്യത്യാസം ഗ്രൂപ്പ് ചർച്ചയിലൂടെ വിശകലനം ചെയ്യുന്നു. പാഠപുസ്തക വായനയിലൂടെ മൂന്ന് കമ്പോള രൂപങ്ങളുടേയും സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. കമ്പോള രൂപങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.**

<u>**പ്രവർത്തനം**</u>**-2.**

**മറ്റ് കമ്പോള രൂപങ്ങൾ-ഒരു താരതമ്യ പഠനം-ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനം നൽകുന്നു**

**യഥാർത്ഥ കമ്പോള സമ്പദ് വ്യവസ്ഥ പൂർണ്ണ മത്സര കമ്പോള രൂപത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. പാഠപുസ്തകം വായിച്ച് സാമ്പത്തിക ശാസ്ത്രജ്ഞൻമാർ വികസിപ്പിച്ച മറ്റ് കമ്പോള രൂപങ്ങളും അവയുടെ സവിശേഷതകളും താഴെ തന്നിരിക്കുന്ന പ്രഫോർമയിൽ എഴുതുക.**

| കമ്പോള രൂപം | വാങ്ങുന്നവരുടെ എണ്ണം | ഉൽപാദന യൂണിറ്റുകളുടെ എണ്ണം | ഉൽപന്നത്തിന്റെ സവിശേഷത | വില നിർണ്ണയത്തിൻ മേലുള്ള നിയന്ത്രണം | പ്രവേശന സ്വാതന്ത്ര്യം |
|---|---|---|---|---|---|
| | | | | | |

<u>**പ്രവർത്തനം**</u>**-3.ക്വിസ് മത്സരം**

**കമ്പോള രൂപങ്ങളുടേ സവിശേഷതകളെ അടിസ്ഥാനപ്പെടുത്തി പരമാവധി ക്വിസ് ചോദ്യങ്ങൾ തയ്യാറാക്കുക.**

**ക്വിസ് മത്സരത്തിനാവശ്യമായ ഒരുക്കങ്ങൾ അധ്യാപകൻ മുൻകൂട്ടി നടത്തേണ്ടതാണ്. പഠിതാക്കൾ ജോഡികളായിക്കൊണ്ടും അധ്യാപകൻ ക്വിസ് മാസ്റ്ററായിക്കൊണ്ടും മത്സരം സംഘടിപ്പിക്കുന്നത് നന്നായിരിക്കും.എല്ലാ കമ്പോള രൂപങ്ങളിലൂടേയും കടന്ന പോകുന്ന വിധത്തിലാകണം ചോദ്യങ്ങൾ. ക്വിസ് മത്സരത്തിൽ നിന്ന് ലഭിക്കുന്ന ഫീഡ് ബേക്കിലൂടെ പ്രയാസമുള്ള ആശയങ്ങൾ/പാഠ ഭാഗങ്ങൾ മനസ്സിലാക്കാനും തുടർ പ്രവർത്തനങ്ങൾ പ്ളാൻ ചെയ്യാനും**

കഴിയണം.പഠിതാക്കൾ തയ്യാറാക്കിയ ചോദ്യങ്ങളുടെ എണ്ണം,ലഭിച്ച ക്വിസ് സ്കോർ തുടങ്ങിയവ CE ലേക്ക് പരിഗണിക്കാവുന്നതാണ്.ചോദ്യങ്ങൾ ഐ.സി.ടി.ഉപയോഗിച്ച് അവതരിപ്പിക്കുന്നത് പ്രവർത്തനത്തെ ആകർഷകമാക്കാൻ സഹായിക്കും.

**പ്രവർത്തനം-4.**

പൂർണ്ണ മത്സര കമ്പോളത്തിലെയും കുത്തക കമ്പോളത്തിലെയും കുത്തക മത്സര കമ്പോളത്തിലെയും ഡിമാന്റ് വക്രവും സീമാന്ത വരുമാന വക്രങ്ങളും താരതമ്യം ചെയ്യുന്നു.പാഠപുസ്തകത്തിന്റെ സഹായത്തോടെ പട്ടിക ഗ്രൂപ്പിൽ ചർച്ച ചെയ്ത് പൂരിപ്പിക്കുന്നു. ഗ്രാഫ് വരച്ച് അവതരിപ്പിക്കുന്നു.

| കമ്പോള രൂപം | ഡിമാന്റ് വക്രത്തിന്റെ ആകൃതി | ഡിമാന്റ് വക്രത്തിന്റെ ഇലാസ്തികത | മൊത്ത വരുമാന വക്രം | ശരാശരി വരുമാനം | സീമാന്ത വരുമാനം |
|---|---|---|---|---|---|
| പൂർണ്ണ മത്സര കമ്പോളം | | | | | |
| കുത്തക കമ്പോളം | | | | | |
| കുത്തക മത്സര കമ്പോളം | | | | | |

**പ്രവർത്തനം-5.**

ഒലിഗോപലി ,ഡുവോപ്പളി എന്നീ കമ്പോള രൂപങ്ങളെ മനസ്സിലാക്കുന്നതിനു അവയുടെ നിർവ്വചനം നൽകുന്നു.അവയുടെ സവിശേഷതകൾ ചാർട്ട് പേപ്പർ അഥവാ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് വ്യക്തമാക്കുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

1.ഉൽപന്ന വിഭേദനത്തിലൂടെ ഉപഭോക്താക്കളെ ആകർഷിക്കാൻ ശ്രമിക്കുന്നതാണ് കുത്തക മത്സര കമ്പോളത്തിന്റെ പ്രധാന സവിശേഷത.ഇതിനുള്ള ഉദാഹരണം നാം വാങ്ങുന്ന ഉൽപന്നങ്ങളിൽ കാണാൻ കഴിയുകയില്ലേ? പരമാവധി ഉദാഹരണങ്ങൾ കണ്ടെത്തുക.

2.ഉൽപാദനച്ചെലവും വിൽപനച്ചെലവും തമ്മിലുള്ള വ്യത്യാസം ഏതെങ്കിലും ഒരു ഉൽപന്നമെടുത്ത് വ്യക്തമാക്കുക.

3.കേരളത്തിൽ കുത്തക കമ്പോള രൂപത്തിനുള്ള ഉദാഹരണം കണ്ടെത്തുക.

4.രണ്ട് വ്യത്യസ്ത കമ്പോള രൂപങ്ങളുമായി ബന്ധപ്പെട്ട ഉൽപാദക യൂണിറ്റുകളുടെ മൊത്ത വരുമാനം(TR),ശരാശരി വരുമാനം(AR),സീമാന്ത വരുമാനം(MR) എന്നിവ കാണാനുള്ള രണ്ട് പട്ടികകളാണ് താഴെ തന്നിരിക്കുന്നത്.

**a.മൊത്ത വരുമാനം(TR),ശരാശരി വരുമാനം(AR),സീമാന്ത വരുമാനം(MR) എന്നിവ കാണുക**

**b.ഓരോ പട്ടികയും ഏത് കമ്പോള രൂപവുമായി ചേർന്ന് നിൽക്കുന്നു എന്ന് വ്യക്തമാക്കുക.**

**c.രണ്ട് പട്ടികയിലേയും TR,AR,MR എന്നിവയെ ഗ്രാഫ് വരച്ച് അവതരിപ്പിക്കുക.**

**d.രണ്ട് പട്ടികയിലും ഒരുപോലെ തുല്യമായിരിക്കുന്ന രണ്ട് ചരങ്ങൾ എവ? എന്തുകൊണ്ട്?**

**e.രണ്ട് കമ്പോള രൂപങ്ങളിലേയും വില നിർണ്ണയം ഒരുപോലെയല്ല.എന്താണ് വ്യത്യാസമെന്ന് വ്യക്തമാക്കുക?**

**Table-1**

| വില | അളവ് | TR | AR | MR |
|---|---|---|---|---|
| 5 | 1 | | | |
| 5 | 2 | | | |
| 5 | 3 | | | |
| 5 | 4 | | | |
| 5 | 5 | | | |
| 5 | 6 | | | |

**Table-2**

| വില | അളവ് | TR | AR | MR |
|---|---|---|---|---|
| 6 | 1 | | | |
| 5 | 2 | | | |
| 4 | 3 | | | |
| 3 | 4 | | | |
| 2 | 5 | | | |
| 1 | 6 | | | |

**.......................................................................................................................**

## യൂണിറ്റ് -7
# ദേശീയ വരുമാനം

**ആമുഖം**

**ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന സൂചകമായിട്ടാണ് ദേശീയ വരുമാനത്തെ പരിഗണിക്കുന്നത്.അതുകൊണ്ട് ഉത്പാദന വേളയിൽ ഉണ്ടാകുന്ന സമ്പത്തിന്റെ ചാക്രിക പ്രവാഹത്തെകുറിച്ചും ദേശീയ വരുമാനം കണക്കാകുന്ന വിവിധ രീതികളും അതുമായി ബന്ധപ്പെട്ട മറ്റു ആശയങ്ങളുമാണ് ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നത്.**

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| ശേഖരവും പ്രവാഹവും<br><br>വരുമാനത്തിന്റെ ചാക്രിക പ്രവാഹം<br><br>ദേശീയ വരുമാനം നിർണ്ണയിക്കുന്നതിന്റെ വിവിധ രീതികൾ- കൂട്ടിച്ചേർത്ത മൂല്യ രീതി,വരുമാന രീതി,ചെലവ് രീതി. | പൊതു ചർച്ചയിലൂടെ ഉദാഹരണങ്ങൾ നൽകിക്കൊണ്ട് ശേഖരവും പ്രവാഹവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു.<br><br>ഏറ്റവും ലളിതമായ സമ്പദ് വ്യവസ്ഥയെ സങ്കൽപ്പിച്ചുകൊണ്ട് അതിന്റെ പ്രവർത്തനത്തെ മനുഷ്യ ശരീരത്തിന്റെ പ്രവർത്തനവുമായി താരതമ്യം ചെയ്ത് ചാക്രിക പ്രവാഹം എന്തെന്ന് ഡയഗ്രം വരച്ച് വിശകലനം ചെയ്യുന്നു.<br><br>ഹോം അസൈൻമെന്റിന്റെ ഭാഗമായി മുൻകൂട്ടി തയ്യാറാക്കിയ ചർച്ചാകുറിപ്പ് ഉപയോഗിച്ച് മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് ദേശീയ വരുമാനം നിർണ്ണയിക്കുന്ന വിവിധ രീതികൾ അവതരിപ്പിക്കുന്നു.അധ്യാപകൻ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് ക്രോഡീകരിക്കുന്നു. | ശേഖരവും പ്രവാഹവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.<br><br>വരുമാനത്തിന്റെ ചാക്രിക പ്രവാഹം വിശകലനം ചെയ്യുന്നു.<br><br>ദേശീയ വരുമാനം നിർണ്ണയിക്കുന്നതിന്റെ വിവിധ രീതികൾ മനസ്സിലാക്കുന്നു. |

| ആശയങ്ങൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ | പഠന നേട്ടങ്ങൾ |
|---|---|---|

| /ധാരണകൾ | വിലയിരുത്തലുകൾ | |
|---|---|---|
| ദേശീയ വരുമാനവുമായി ബന്ധപ്പെട്ട ആഗ്രഗേറ്റ്സ് | ദേശീയ വരുമാനവുമായി ബന്ധപ്പെട്ട Domestic Product &National Product, Gross Concept &Net Concept Market Price & Factor Cost എന്നിവ തമ്മിലുള്ള വ്യത്യാസം അധ്യാപിക സമവാക്യങ്ങൾ നൽകി വിശദമാക്കുന്നു.തുടർന്ന് വ്യക്തിഗത പ്രവർത്തനം നൽകുന്നു. | ദേശീയ വരുമാനവുമായി ബന്ധപ്പെട്ട ആഭ്യന്തര ഉത്പന്നവും ദേശീയ ഉത്പന്നവും, മൊത്ത ആശയവും അറ്റ ആശയവും, കമ്പോള വിലയും ഘടക ചെലവും എന്നിവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു. |
| ദേശീയ വരുമാനവും ക്ഷേമവും | ദേശീയ വരുമാനം വർദ്ധിച്ചാൽ രാജ്യത്തിന്റെ ക്ഷേമം വർദ്ധിക്കുമോ എന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് ചർച്ച സംഘടിപ്പിക്കുന്നു. ദേശീയ വരുമാനത്തിന്റെ പരിമിതികൾ പട്ടികപ്പെടുത്തുന്നു. | GDP യും ക്ഷേമവും തമ്മിലുള്ള ബന്ധ വിശദമാക്കുന്നു. |

## പാഠത്തിലേക്ക്

### പ്രവർത്തനം-1

**പൊതു ചർച്ച**

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള ഉദാഹരണമെടുത്ത് ശേഖരവും പ്രവാഹവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിനു സഹായകമായ ചർച്ച സംഘടിപ്പിക്കുന്നു.നിശ്ചിത സമയ ബിന്ദുവിൽ അളന്ന് തിട്ടപ്പെടുത്താൻ കഴിയുന്ന ചരങ്ങളും നിശ്ചിത സമയ പരിധിയിൽ അളന്ന് തിട്ടപ്പെടുത്താൻ കഴിയുന്ന ചരങ്ങളും ഏവ എന്ന് അധിക ഉദാഹരണമെടുത്ത് വ്യക്തമാക്കേണ്ടതാണ്. എസ്.എൽ.എം ലെ സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ വ്യക്തിഗതമായി പഠിതാക്കൾ ചെയ്യേണ്ടതാണ്.

### പ്രവർത്തനം-2

**വ്യക്തിഗത പ്രവർത്തനം**

മൂർത്തമായ സമ്പദ് വ്യവസ്ഥയെ രണ്ട് മേഖലകൾ മാത്രം ഉൾക്കൊള്ളുന്ന വളരെ ലളിതമായ സമ്പദ് വ്യവസ്ഥയായി സങ്കൽപ്പിച്ചുകൊണ്ട് ഈ രണ്ട് മേഖലകൾ തമ്മിലുള്ള പരസ്പര ബന്ധവും പരസ്പരാശ്രയത്വവും വിശകലനം ചെയ്യുന്നതിനാവശ്യമായ മനുഷ്യ ശരീരത്തിന്റെ പ്രവർത്തനവുമായുള്ള താരതമ്യം ചെയ്യാൻ ആവശ്യപ്പെടുന്നു. ഈ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ഉൾകാഴ്ചയിലൂടെ വരുമാനത്തിന്റെ ചാക്രിക പ്രവാഹം എന്തെന്നും യഥാർത്ഥ പ്രവാഹവും(ഉത്പന്നങ്ങളുടെയും ഘടകങ്ങളുടേയും) പണ

പ്രവാഹവും(ഉത്പന്ന വിലകളുടെയും ഘടക ചെലവിന്റെയും) തമ്മിലുള്ള വ്യത്യാസം ചിത്രം വരച്ച് വ്യക്തമാക്കുന്നു.അവതരണം ആകർഷകമാക്കുന്നതിനായി പ്രസെന്റേഷൻ സ്ലൈഡുപയോഗിക്കാവുന്നതാണ്.

## പ്രവർത്തനം-3

സംഘ പ്രവർത്തനം

പഠിതാക്കൾ മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് ദേശീയ വരുമാനം നിർണ്ണയിക്കുന്ന വിവിധ രീതികൾ ചർച്ച ചെയ്യുന്നു. ചർച്ചക്കാവശ്യമായ സൂചകങ്ങൾ ഓരോ ഗ്രൂപ്പിനും നൽകേണ്ടതാണ്. അവതരണത്തിനു ശേഷം പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ച് ക്രോഡീകരിക്കേണ്ടതാണ്.

പ്രവർത്തനം-4

വ്യക്തിഗത പ്രവർത്തനം

ദേശീയ വരുമാനവുമായി ബന്ധപ്പെട്ട ആഭ്യന്തര ഉത്പന്നവും ദേശീയ ഉത്പന്നവും, മൊത്ത ആശയവും അറ്റ ആശയവും,കമ്പോള വിലയും ഘടക ചെലവും എന്നിവ തമ്മിലുള്ള വ്യത്യാസം അധ്യാപിക സമവാക്യം ഉപയോഗിച്ച് മനസ്സിലാക്കിക്കുകയും ഗണിത ഉദാഹരണത്തിലൂടെ വ്യക്തത വരുത്തുകയും വേണം.തുടർന്ന് സ്വയം പഠന സഹായിയിലെ ചോദ്യം വ്യക്തിഗത പ്രവർത്തനമായി നൽകണം.

പ്രവർത്തനം-4

പൊതു ചർച്ച

GDP യും ക്ഷേമവും തമ്മിലുള്ള ബന്ധ വിശദമാക്കുന്നതിനായി ദേശീയ വരുമാനം വർദ്ധിച്ചാൽ രാജ്യത്തിന്റെ ക്ഷേമം വർദ്ധിക്കുമോ എന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് ചർച്ച സംഘടിപ്പിക്കുന്നു. ദേശീയ വരുമാനത്തിന്റെ പരിമിതികൾ പട്ടികപ്പെടുത്തുകയും വേണം.

<u>വിലയിരുത്തൽ ചോദ്യങ്ങൾ</u>

1. വരുമാന രീതി ഉപയോഗിച്ച് ദാശീയ വരുമാനം കണക്കാക്കുക.

| | |
|---|---|
| വേതനവും ശമ്പളവും | -1600 കോടി |
| ഗവ.ചെലവ് | - 400 കോടി |
| വാടക | - 600 കോടി |
| പലിശ | - 120 കോടി |
| അറ്റ കയറ്റുമതി | - 80 കോടി |
| ലാഭം | - 500 കോടി |
| ഉപഭോഗ ചെലവ് | - 1900 കോടി |

2. 'Gross', 'domestic' and 'market price' എന്നിവ $GDP_{MP}$, എന്നതിലുള്ള മൂന്ന് പദങ്ങളാണ്.ഇവ 'net', 'national', 'factor cost' എന്നാക്കി മാറ്റി ദേശീയ വരുമാനത്തിലേക്ക് എത്തിച്ചേരുന്നത് എങ്ങനെ എന്ന് വിവരിക്കുക.

3.താഴെ തന്നിരിക്കുന്ന വിവരങ്ങളിൽ നിന്ന് തേയ്മാനം,അറ്റ പരോക്ഷ നികുതി,ഘടക ചെലവിനെ അടിസ്ഥാനമാക്കിയുള്ള അറ്റ ദേശീയ ഉത്പന്നം എന്നിവ കണക്കാക്കുക.

**$GDP_{MP}$ =1200, $NDP_{MP}$ =1030, $NDP_{FC}$ =1000, NFIA=150**

4. ദേശീയ വരുമാനം നിർണ്ണയിക്കുന്നതിന്റെ വിവിധ രീതികൾ ഉൾപ്പെടുത്തികൊണ്ട് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

5. പണത്തിന്റെ ആവിർഭാവത്തിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്യുന്ന ലഘു ഉപന്യാസം തയ്യാറാക്കുക.

## യൂണിറ്റ് 8.

# വരുമാന നിർണ്ണയം

**ആമുഖം**

1930 കളിലുണ്ടായ സാമ്പത്തിക മാന്ദ്യം കമ്പോള സമ്പദ് വ്യവസ്ഥക്ക് ഏറ്റ കനത്ത പ്രഹരമായിരുന്നു. തൊഴിലില്ലായ്മയും പണപ്പെരുപ്പവും സമ്പദ് വ്യവസ്ഥയിൽ അതിരൂക്ഷമായി. ക്ലാസിക്കൽ സാമ്പത്തിക ശാസ്ത്രത്തിന്റെ വക്താക്കളിൽ ഒരാളായ ജെ.ബി.സെയുടെ കമ്പോള നിയമത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെട്ടു.സാമ്പത്തിക മാന്ദ്യം വിശകലനം ചെയ്യുവാൻ ക്ലാസിക്കൽ സാമ്പത്തിക ശാസ്ത്രം അപര്യാപ്തമായിരുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ പ്രവർത്തനത്തെ വിശകലനം ചെയ്തുകൊണ്ട് തന്റേതായ ബദൽ സിദ്ധാന്തങ്ങൾ രൂപീകരിച്ച സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു ജെ.എം.കെയ്ന്സ്.ഈ അദ്ധ്യായം പ്രതിപാദിക്കുന്നത് കെയ്ന്സ് മുന്നോട്ട് വെച്ച പ്രധാന ആശയങ്ങളും സിദ്ധാന്തങ്ങളുമാണ്.

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/ പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| എക്സ് ആന്റെ, എക്സ് പോസ്റ്റ് ചരങ്ങൾ<br>മൊത്തം ഡിമാന്റിന്റെ ഘടകങ്ങൾ<br>APC,APS,MPC, MPS<br>ഉപഭോഗ ഏകദം ഓട്ടോണമസ് ഉപഭോഗം,<br>മൊത്തം ഡിമാന്റിന്റെ സമവാക്യം | <u>പൊതു ചർച്ച</u><br>പഠിതാക്കളുടെ ജീവിതവുമായി ബന്ധപ്പെട്ട ഉദാഹരണമെടുത്ത് സംഘടിപ്പിക്കുന്ന പൊതു ചർച്ച<br><u>വ്യക്തിഗത പ്രവർത്തനം</u><br>APC,APS,MPC,MPS എന്നിവ കാണുന്നു.<br><u>സമവാക്യങ്ങളുടെ അവതരണം</u><br>ഉപഭോഗ സമവാക്യവും മൊത്തം ഡിമാന്റിന്റെ സമവാക്യവും<br><u>വ്യക്തിഗത പ്രവർത്തനം</u><br>സമവാക്യമുപയോഗിച്ച് ചരങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു. | എക്സ് ആന്റെ &എക്സ് പോസ്റ്റ് ചരങ്ങൾ-ഇവ താരതമ്യം ചെയ്യുന്നു.<br>മൊത്തം ഡിമാന്റിന്റെ ഘടകങ്ങൾ വിശകലനം ചെയ്യുന്നു.<br>APC,APS,MPC,MPS എന്നിവ നിർവചിക്കുന്നു.<br>ഉപഭോഗ ധർമ്മത്തിന്റെയും മൊത്തം ഡിമാന്റിന്റെയും സമവാക്യം രൂപീകരിക്കുന്നു.<br>ഓട്ടോണമസ് ഉപഭോഗം നിർവചിക്കുന്നു. |

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ /പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| മൊത്തം ഡിമാന്റ് | <u>പൊതു ചർച്ച</u> | മൊത്തം ഡിമാന്റ് ,മൊത്തം |

| | | |
|---|---|---|
| മൊത്തം സപ്ലൈ<br><br>ദ്വിമേഖല സമ്പദ് വ്യവസ്ഥയിലെ വരുമാന നിർണ്ണയം<br><br>ഫലപ്രദമായ ഡിമാന്റ്<br><br>അധിക ഡിമാന്റ് അധിക സപ്ലൈ<br><br>ഗുണകം<br>ഉൽപന്ന ഗുണകം<br><br>സമ്പാദ്യത്തിന്റെ വിരോധാഭാസം | മൊത്തം ഡിമാന്റ് മൊത്തം സപ്ലൈ എന്നിവ തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തി സന്തുലിത വരുമാന നിർണ്ണയവും അതിന്റെ ഗ്രാഫിക അവതരണവും<br><u>വ്യക്തിഗത പ്രവർത്തനം</u><br>ഗുണകത്തിന്റെ സമവാക്യമുപയോഗിച്ച് ഗുണകം കണക്കാക്കുന്നു. വരുമാനത്തിലെ മാറ്റവും നിക്ഷേപവും തമ്മിലുള്ള ബന്ധത്തെ തിരിച്ചറിയുന്നു. | സപ്ലൈ-എന്നിവ നിർവചിക്കുകയും സമവാക്യം രൂപീകരിക്കുകയും ചെയ്യുന്നു.<br>ദ്വിമേഖല സമ്പദ് വ്യവസ്ഥയിലെ വരുമാന നിർണ്ണയം വിശകലനം ചെയ്യുന്നു.ഗ്രാഫ് വരച്ച് അവതരിപ്പിക്കുന്നു.<br>ഫലപ്രദമായ ഡിമാന്റ് എന്താണെന്ന് നിർവചിക്കുന്നു.<br>അധിക ഡിമാന്റ്, അധിക സപ്ലൈ എന്നിവ വിശകലനം ചെയ്യുന്നു.<br>ഗുണകം എന്തെന്ന് നിർവചിക്കുന്നു.<br>ഉൽപന്ന ഗുണകം എന്തെന്ന് നിർവചിക്കുകയും സമവാക്യം രൂപീകരിക്കുകയും ചെയ്യുന്നു.<br>സമ്പാദ്യത്തിന്റെ വിരോധാഭാസം നിർവചിച്ച് അതിന്റെ കാരണം വ്യക്തമാക്കുന്നു. |

<u>**പാഠത്തിലേക്ക്**</u>

**പ്രവർത്തനം-1**

**പാഠപുസ്തകത്തിൽ നല്കിയ ഉദാഹരണത്തെ അടിസ്ഥാനപ്പെടുത്തി വരുമാനം, ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നീ പദങ്ങളുടെ രണ്ട് വ്യത്യസ്ത അർത്ഥ തലങ്ങൾ തിരിച്ചറിയുന്നു. മുന്നറിവ് ഉപയോഗിച്ച് സമ്പദ് വ്യവസ്ഥയിലെ നാല് മേഖലകൾ ഏവയെന്നും ഓരോ മേഖലകളിലെയും ചെലവുകളാണ് മൊത്തം ഡിമാന്റിന്റെ നാല് ഘടകങ്ങളെന്നും മനസ്സിലാക്കുന്നു.**

**പ്രവർത്തനം-2**

**വരുമാനം വർദ്ധിക്കുമ്പോൾ ഉപഭോഗം വർദ്ധിക്കുന്നു.എന്നാൽ വരുമാനത്തിലുണ്ടാകുന്ന വർദ്ധനവിനേക്കാൾ കുറവായിരിക്കും ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവ്.ഇതാണ് ഉപഭോഗ നിയമം എന്ന് അറിയപ്പെടുന്നത്.ഇന്ററാക്ടീവായ ചർച്ചയിലൂടെ ഈ ആശയം വ്യക്തമാക്കാവുന്നതാണ്.ചെലവഴിക്കാത്ത വരുമാനം സമ്പാദ്യമായി മാറുന്നു.അതുകൊണ്ട് ആകെ വരുമാനത്തിന്റെ(Y) രണ്ട് ഭാഗങ്ങളാണ് ഉപഭോഗവും(C) സമ്പാദ്യവും(S).അതായത്, $Y=C+S$**

**$APC=C/Y$ എന്നും $APS=S/Y$ എന്നും മനസ്സിലാക്കുന്നു.**

**ഉപഭോഗ ഏകദവും ഉപഭോഗ സമവാക്യവും**

വരുമാനവും ഉപഭോഗവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ് ഉപഭോഗ ഏകദം. $C = f(Y)$

ഇവിടെ C എന്നാൽ ഉപഭോഗവും Y എന്നാൽ വരുമാനവും ആകുന്നു.

വരുമാനവും ഉപഭോഗവും തമ്മിലുള്ള ബന്ധത്തെ താഴെ കൊടുത്തിരിക്കുന്ന സമവാക്യമുപയോഗിച്ച് എഴുതാവുന്നതാണ്.

$C = \check{C} + cY$

ഇവിടെ $\check{C}$ – ഓട്ടോണമസ് ഉപഭോഗം,അതായത് വരുമാനം ഇല്ലാത്ത അവസ്ഥയിൽ ഉപഭോഗത്തിന് ചെലവഴിക്കുന്ന തുക.

c- മാർജിനൽ പ്രോപെൻസിറ്റി ടു കൺസ്യൂം(MPC),അതായത് സീമാന്ത ഉപഭോഗ പ്രവണത.[$c=\Delta C/\Delta Y$]

വരുമാനത്തിലുണ്ടാകുന്ന വർദ്ധനവും ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവും തമ്മിലുള്ള അനുപാതമാണ് സീമാന്ത ഉപഭോഗ പ്രവണത.

**സമ്പാദ്യ ഏകദവും സമ്പാദ്യ സമവാക്യവും**

$S= -\hat{S} +sY$

ഇവിടെ $-\hat{S}$ – അതായത് വരുമാനം ഇല്ലാത്ത അവസ്ഥയിൽ ഉപഭോഗ ആവശ്യത്തിന് കടമായി വാങ്ങുന്ന തുക.

s- മാർജിനൽ പ്രോപെൻസിറ്റി ടു സേവ്(MPS),അതായത് സീമാന്ത സമ്പാദ്യ പ്രവണത.[$s=\Delta S/\Delta Y$]

വരുമാനത്തിലുണ്ടാകുന്ന വർദ്ധനവും സമ്പാദ്യത്തിലുണ്ടാകുന്ന വർദ്ധനവും തമ്മിലുള്ള അനുപാതമാണ് സീമാന്ത ഉപഭോഗ പ്രവണത.

APC+APS=1 അഥവാ 1-APC=APS അഥവാ 1-APS=APC

MPC+ MPS=1 അഥവാ 1-MPC=MPS അഥവാ 1-MPS=MPC

സ്വയം പഠന സഹായിയിൽ നല്കിയിട്ടുള്ള സ്വയം വിലയിരുത്തൽ ചോദ്യങ്ങളിലൂടെ പഠിതാവ് കടന്നുപോകേണ്ടതാണ്.

**പ്രവർത്തനം-3 (40 മിനിറ്റ് )**


**വ്യക്തിഗത പ്രവർത്തനം**

മുകളിൽ പ്രതിപാദിച്ച ആശയങ്ങളെ ഉദാഹരണത്തിലൂടെ വ്യക്തമാക്കേണ്ടതാണ്.

ഉപഭോഗ സമവാക്യം $C = 50 + 0.8Y$ ആണതെയെങ്കിൽ 0,100,200,300,400,500 എന്നീ വരുമാനമെടുത്ത് ഉപഭോഗം, സമ്പാദ്യം എന്നിവ കാണുക.

| വരുമാനം | ഓട്ടോണമസ് ഉപഭോഗം | 0.8Y | മൊത്തം ഉപഭോഗം | ഓട്ടോണമസ് സമ്പാദ്യം | 0.2Y | സമ്പാദ്യം |
|---|---|---|---|---|---|---|
| 0 | 50 | 0 | 50 | -50 | 0 | -50 |
| 100 | 50 | 80 | 130 | -50 | 20 | -30 |
| 200 | 50 | 160 | 210 | -50 | 40 | -10 |
| 300 | 50 | 240 | 290 | -50 | 60 | 10 |
| 400 | 50 | 320 | 370 | -50 | 80 | 30 |
| 500 | 50 | 400 | 450 | -50 | 100 | 50 |

**ഗ്രാഫ് വരച്ച് ഉപഭോഗം, സമ്പാദ്യം എന്നിവ തമ്മിലുള്ള ബന്ധം വ്യക്തമാക്കേണ്ടതാണ്.**




**പ്രവർത്തനം-4 ( 40 മിനിറ്റ് )**

**ഒരു ദ്വിമേഖലാ സമ്പദ് വ്യവസ്ഥയിലെ സന്തുലിത വരുമാന നിർണ്ണയം**

**Y=C+S എന്നതിനെയാണ് മൊത്തം സപ്ലൈ എന്നും Y=C+I എന്നതിനെ മൊത്തം ഡിമാന്റ് എന്നും കെയ്ന്സ് വിശേഷിപ്പിച്ചു. ഇവ രണ്ടും തുല്യമാകുമ്പോഴാണ് സമ്പദ് വ്യവസ്ഥ സന്തുലിതാവസ്ഥയിൽ എത്തിചേരുന്നത്. അതായത് സമ്പദ് വ്യവസ്ഥയിൽ**

ഉൽപാദിക്കപ്പെട്ട സാധന സേവനങ്ങളുടെ അളവും ( C+S ) അതു വാങ്ങുന്നതിനുള്ള ചെലവും ( C+I ) തുല്യമാകേണ്ടതാണ്.

എസ്.എൽ.എം.ൽ നല്കിയിട്ടുള്ള ഗ്രാഫ് പരിചയപ്പെടുന്നു. മൊത്തം സപ്ലൈ , മൊത്തം ഡിമാന്റ് എന്നിവയുടെ വക്രം വരക്കുന്നു.സന്തുലിതാവസ്ഥയെ ഗ്രാഫിന്റെ സഹായത്തോടെ വിശദീകരിക്കുന്നു.

C = C̄ + cY ആയതുകൊണ്ട്, Y=C+I താഴെ തന്നിരിക്കുന്ന രീതിയിൽ മാറ്റി എഴുതാവുന്നതാണ്.

Y=C̄+cY+I ഇവിടെ വിശകലനം ലളിതമാകുന്നതിനായി നിക്ഷേപം സ്ഥിരമാണെന്ന് സങ്കൽപ്പിക്കുന്നു.അതായത് I=Î. അതുകൊണ്ട് മൊത്തം ഡിമാന്റ് സമവാക്യത്തെ വിണ്ടും മാറ്റി എഴുതാവുന്നതാണ്.

Y=Î+C̄ + cY

ഇവിടെ Î,C̄ എന്നിവ സ്വതന്ത്ര ഘടകങ്ങളായതിനാൽ അവയെ Â അക്ഷരം കൊണ്ട് സൂചിപ്പിക്കാം.അതിനാൽ

Y= Â + cY
Y – cY= Â
Y( 1-c)= Â
Y= Â /(1-c)

സന്തുലിത വരുമാനത്തെ Y* എന്ന് സൂചിപ്പിച്ചാൽ

Y*= Â /(1-c)

ഒരു സമ്പദ് വ്യസ്ഥയിൽ Î=80 C̄=170 c=0.75 Y=900 ആണെങ്കിൽ സമ്പദ് വ്യവസ്ഥയുടെ സംതുലിത വരുമാനം കണക്കാക്കുക.

**പ്രവർത്തനം-5 ( 15 മിനിറ്റ് )**

അധിക ഡിമാന്റും അധിക സപ്ലൈയും എസ്.എൽ.എം.ൽ നല്കിയിട്ടുള്ള ഗ്രാഫിന്റെ സഹായത്തോടെ വ്യക്തമാക്കാൻ പഠിതാക്കൾക്ക് കഴിയേണ്ടതാണ്.

**പ്രവർത്തനം-6 ( 15 മിനിറ്റ്)**

ലളിതമായ ഉദാഹരണമെടുത്ത് ഗുണകമെന്നാൽ എന്തെന്ന് നിർവ്വചിക്കുകയും സമവാക്യം ഉപയോഗിച്ച് എസ്.എൽ.എം.ലെ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തുകയും ചെയ്യുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ (5 മിനിറ്റ്)**

താഴെ തന്നിരിക്കുന്ന സമവാക്യം ഉപഭോഗ ഏകദം എന്ന ആശയത്തെ പ്രതിനിധാനം ചെയ്യുന്നു.

C= C̄+cY,

i. C̄ =10 , c=0.8 & Y=200, ആണെങ്കിൽ ഉപഭോഗം എത്രയാണെന്ന് കാണുക.

ii. ഉപഭോഗ സമവാക്യം ഗ്രാഫ് വരച്ച് അവതരിപ്പിക്കുക.

iii. 'C̄' &'c' എന്നാലെന്ത്? ഗ്രാഫിന്റെ സഹായത്തോടെ വിവരിക്കുക.

- റവന്യൂ ബജറ്റ് ,മൂലധന ബജറ്റ് എന്നിവ തമ്മിലുള്ള വ്യത്യസം
- റവന്യൂ വരുമാനവും മൂലധന വരുമാനവും തമ്മിലുള്ള വ്യത്യാസം
- ഗവൺമെന്റിന്റെ പ്രധാന നികുതി വരുമാനങ്ങൾ
- ഗവൺമെന്റിന്റെ പ്രധാന ചെലവിനങ്ങൾ
- റവന്യൂ ചെലവും മൂലധന ചെലവും തമ്മിലുള്ള വ്യത്യസം
- വിവിധ കമ്മികളും, റവന്യൂ കമ്മി വർദ്ധിച്ചാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളും

അതുപോലെ പ്രയാസമുള്ള പാഠ ഭാഗങ്ങൾ കണ്ടെത്തി വരാനും ആവശ്യപ്പെടണം.

B.കേരളത്തിൽ എറ്റവും അവസാനം അവതരിപ്പിച്ച ബജറ്റിന്റെ സംക്ഷിപ്ത രൂപം പഠിതാക്കാൾ കൊണ്ടുവരേണ്ടതാണ്.

C. അടുത്ത സമ്പർക്ക ക്ലാസ്സിൽ ക്വിസ് നടത്തുന്നതിനായി ബജറ്റിനെ ആസ്പദമാക്കി പരമാവധി ചോദ്യങ്ങൾ തയ്യാറാക്കി കൊണ്ടുവരേണ്ടതാണ്.

# യൂണിറ്റ് 9

## ഗവൺമെന്റ് ബജറ്റും സമ്പദ് വ്യവസ്ഥയും

**ആമുഖം**

പഠിതാക്കൾക്ക് ഏറെ പരിചിതമായ പാഠഭാഗമാണ് ബജറ്റും സമ്പദ് വ്യവസ്ഥയും. പത്ര മാധ്യമങ്ങളിലൂടെ ഏറെ വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്നതുകൊണ്ട് ആ സാധ്യതയെക്കൂടി ഉപയോഗപ്പെടുത്തി ഗവൺമെന്റ് ബജറ്റ്,അതുമായി ബന്ധപ്പെട്ട വിവിധ കമ്മികൾ, പ്രധാനപ്പെട്ട നികുതികൾ,ചെലവുകൾ എന്നിവയെ അവതരിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| ഗവൺമെന്റ് ബജറ്റ്<br><br>ഗവൺമെന്റിന്റെ സാമ്പത്തിക ധർമ്മങ്ങൾ<br><br>ബജറ്റിന്റെ ഘടകങ്ങൾ<br><br>വിവിധ ബജറ്റ് കമ്മികൾ<br><br>ധന നയവും അതിന്റെ ഉപകരണങ്ങളും<br><br>സർക്കാറിന്റെ നികുതികളും ചെലവുകളും | <u>പൊതു ചർച്ച</u><br>പ്രസെന്റേഷൻ സ്ലൈഡിലൂടെ ബജറ്റ് എന്നാൽ എന്തെന്നും ബജറ്റ് നിർവ്വഹിക്കുന്ന ധർമ്മങ്ങൾ ഏവയെന്നും വ്യക്തമാക്കുന്നു.<br><u>സംഘ പ്രവർത്തനം</u><br>അസൈൻമെന്റിന്റെ ഭാഗമായി കൊണ്ടുവന്ന ബജറ്റിന്റെ സംക്ഷിപ്ത രൂപവും മറ്റു കുറിപ്പുകളും ചർച്ചാ സൂചകങ്ങളുടെ സഹായത്തോടെ ചർച്ച ചെയ്യുന്നു. പൊതു അവതരണത്തിനു ശേഷം ക്രോഡീകരിക്കുന്നു.<br><u>പൊതു ചർച്ച</u><br>സാമ്പത്തിക അസ്ഥിരതയുടെ കാലത്ത് സ്വീകരിക്കേണ്ട ധന നയത്തെകുറിച്ച് ചർച്ച ചെയ്യുന്നു | ഗവൺമെന്റ് ബജറ്റിനെ നിർവ്വചിക്കുന്നു.<br>ഗവൺമെന്റിന്റെ സാമ്പത്തിക ധർമ്മങ്ങൾ പട്ടികപ്പെടുത്തുന്നു.<br>ബജറ്റിന്റെ ഘടകങ്ങൾ വിശകലനം ചെയ്ത് വ്യക്തമാക്കുന്നു.<br>വിവിധതരം ബജറ്റ് കമ്മികളെ നിർവ്വചിക്കുകയും അവയുടെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്യുന്നു.<br>ധന നയം എന്തെന്നും അതിന്റെ ഉപകരണങ്ങളും ഏവയെന്നും തിരിച്ചറിയുന്നു.<br>സർക്കാറിന്റെ നികുതികളും ചെലവുകളും വിശകലനം ചെയ്യുന്നു. |

## പാഠത്തിലേക്ക്

### പ്രവർത്തനം-1

സർക്കാറിന്റെ സമ്പദ് വ്യവസ്ഥയിലുള്ള ഇടപെടൽ- ബജറ്റ് എന്ന പദത്തിന്റെ ഉത്ഭവം -അർത്ഥം - നിർവ്വഹിക്കുന്ന ധർമ്മങ്ങൾ- ഇവ പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിച്ചുള്ള പൊതു ചർച്ചയിലൂടെ വ്യക്തമാക്കാവുന്നതാണ്.

### പ്രവർത്തനം-2

കേരളത്തിൽ ഈ വർഷം ഉണ്ടായ മഹാപ്രളയം വൻ നാശമാണ് ഉളവാക്കിയത്. 40000 കോടി രൂപയെങ്കിലും സമാഹരിച്ചാലെ കേരളത്തെ കരക്കയറ്റുവാൻ സാധിക്കുകയുള്ളൂ. ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ഇത്രയും തുക സമാഹരിക്കാൻ സർക്കാർ ശ്രമിക്കുന്നത് ?അതുപോലെ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഈ തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്? ഇതിനെ ആസ്പദമാക്കി ചർച്ച സംഘടിപ്പിക്കുന്നു.അതുകഴിഞ്ഞ് പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി താഴെ തന്നിരിക്കുന്ന ആശയങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

പഠിതാക്കളെ അഞ്ച് ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും ചർച്ച ചെയ്യേണ്ടുന്ന പാഠ ഭാഗങ്ങൾ നൽകുന്നു.

* റവന്യൂ ബജറ്റ്　　* വിവിധ കമ്മികൾ　　*പ്രശ്നോത്തരി ചോദ്യങ്ങൾ
* മൂലധന ബജറ്റ്　　* ധന നയം

**ചർച്ചാ സൂചകങ്ങൾ-**

ഒന്നാം ഗ്രൂപ്പ് --

- റവന്യൂ ബജറ്റ് എന്നാലെന്ത്?
- റവന്യൂ വരവുകളെ രണ്ടായി തരംതിരിച്ചിരിക്കുന്നു.അവ ഏവ?
- പ്രധാനപ്പെട്ട പരോക്ഷ -പ്രത്യക്ഷ നികുതികൾ ഏവ?
- പ്രധാന നികുതിയേതര വരുമാനങ്ങളേവ?
- റവന്യൂ ചെലവുകൾക്ക് ഉദാഹരണം നൽകുക.പദ്ധതി റവന്യൂ ചെലവും പദ്ധതിയേതര റവന്യൂ ചെലവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

രണ്ടാം ഗ്രൂപ്പ് -

- മൂലധന ബജറ്റ് എന്നാലെന്ത്?
- മൂലധന വരവും റവന്യൂ വരവും തമ്മിലുള്ള വ്യത്യാസമെന്ത്?
- പ്രധാന മൂലധന വരവുകൾ എവ?
- മൂലധന ചെലവുകൾ എന്നാലെന്ത്?
- മൂലധന ചെലവും റവന്യൂ ചെലവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.
- ഏത് ചെലവാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്? എന്തുകൊണ്ട്?

മൂന്നാം ഗ്രൂപ്പ് -

- സന്തുലിത ബജറ്റ് ,അസന്തുലിത ബജറ്റ് -ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?
- റവന്യൂ കമ്മി എന്നാലെന്ത്?
- കേരളത്തിൽ എറ്റവും അവസാനം അവതരിപ്പിച്ച ബജറ്റിൽ റവന്യൂകമ്മിയെത്രയാണ്?
- ധന കമ്മി എന്നാലെന്ത്? ഏത് റവന്യൂ ഇനത്തെ ഒഴിവാക്കിയാണ് ധനകമ്മി കണക്കാക്കുന്നത്?
- പ്രാഥമിക കമ്മി എന്നാലെന്ത്?

നാലാം ഗ്രൂപ്പ് -

- ധന നയം എന്നാലെന്ത്?
- പണപ്പെരുപ്പം നേരിടുന്ന സമ്പദ് വ്യവസ്ഥയിൽ സ്വീകരിക്കേണ്ട ധന നയം എങ്ങനെയുള്ളതായിരിക്കണം?
- പണച്ചുരുക്കം നേരിടുന്ന സമ്പദ് വ്യവസ്ഥയിൽ സ്വീകരിക്കേണ്ട ധന നയം എങ്ങനെയുള്ളതായിരിക്കണം?
- പൊതുകടം എന്നാലെന്ത്?

അഞ്ചാം ഗ്രൂപ്പ് ഒഴികെ ഓരോ ഗ്രൂപ്പും തയ്യാറാക്കിയ കുറിപ്പ് അവതരിപ്പിക്കുകയും പൊതുചർച്ചക്ക് ശേഷം അധ്യാപകൻ ക്രോഡീകരിക്കുയും ചെയ്യുന്നു. ഫലപ്രദമായ ക്രോഡീകരണത്തിനായി പ്രസെന്റേഷൻ സ്ലൈഡ് ഉപയോഗിക്കാവുന്നതാണ്.തുടർ മൂല്യനിർണ്ണയത്തിന്റെ ഭാഗമായി ഈ പ്രവർത്തനത്തിലെ പഠിതാക്കളുടെ പ്രകടനം വിലയിരുത്തി CE സ്കോർ നൽകേണ്ടതാണ്.

<u>പ്രശ്നോത്തരി</u>

ഗ്രൂപ്പിലെ അംഗങ്ങൾ യൂണിറ്റിലെ എല്ലാ പാഠഭാഗങ്ങളേയും ആസ്പദമാക്കി തയ്യാറാക്കിയ ചോദ്യങ്ങൾ ചോദിക്കുകയും മറ്റു പഠിതാക്കൾ വ്യക്തിഗതമായി ഉത്തരമെഴുതുകയും ചെയ്യുന്നു.ഉയർന്ന സ്കോർ കരസ്ഥമാക്കിയവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

<u>വിലയിരുത്തൽ ചോദ്യങ്ങൾ</u>

1.പാഠപുസ്തകം ഉപയോഗിച്ച് ബജറ്റിനെ സംബന്ധിച്ച ഫ്ളൊ ചാർട്ട് തയ്യാറാക്കുക.
2.കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച പുതിയ നികുതി ഏത് ? ഈ നികുതിയുടെ സവിശേഷതകൾ എന്തെല്ലാം?
3.പരോക്ഷ നികുതികൾ വിലക്കയറ്റത്തിനു ഇടയാക്കുന്നു.ഇതിനോട് താങ്കൾ യോജിക്കുന്നുവോ?
4.ബജറ്റിലെ വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി നല്ല ധന മാനേജ്മെന്റിന്റെ ലക്ഷണമല്ല.ഇതിനോട് താങ്കൾ യോജിക്കുന്നുവോ?യോജിക്കുന്നു എങ്കിൽ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക?
5.കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബജറ്റ് സംബന്ധമായ കൂടുതൽ വിവരങ്ങൾ

ശേഖരിക്കുക.

6. വിദേശ വിനിമയ നിരക്കുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ  വരുന്ന വാർത്തകളുടെ കട്ടിംഗ്സ് കൊണ്ടുവരാൻ ആവശ്യപ്പെടുക.

## യൂണിറ്റ് 10

## തുറന്ന സമ്പദ് വ്യവസ്ഥ

**ആമുഖം**

അന്താരാഷ്ട്ര വ്യാപാരവുമായി ബന്ധപ്പെട്ട് പഠിതാക്കൾക്കുള്ള മുന്നറിവ് ഉപയോഗപ്പെടുത്തുകയും വിദേശ വിനിമയ നിരക്ക് എപ്രകാരമാണ് നിർണ്ണയിക്കപ്പെടുന്നത് എന്നും ഉദാരവൽക്കരണ നയം ഈ രംഗത്ത് വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്നും മനസ്സിലാക്കുന്നതിനു സഹായിക്കുന്ന യൂണിറ്റാണ് എന്നും കണ്ടുകൊണ്ട് വേണം പാഠഭാഗം അവതരിപ്പിക്കാൻ.

| ആശയങ്ങൾ /ധാരണകൾ | പ്രക്രിയകൾ/പ്രവർത്തനങ്ങൾ/ വിലയിരുത്തലുകൾ | പഠന നേട്ടങ്ങൾ |
|---|---|---|
| തുറന്ന സമ്പദ് വ്യവസ്ഥ<br><br>അടഞ്ഞ സമ്പദ് വ്യവസ്ഥ<br><br>അന്താരാഷ്ട്ര വ്യാപാരം<br><br>വ്യാപാര ശിഷ്ടം അടവു ശിഷ്ടം<br><br>വിനിമയ നിരക്ക് നിർണ്ണയിക്കുന്ന രീതികൾ<br><br>കറൻസിയുടെ മൂല്യം വർദ്ധിപ്പിക്കൽ ,മൂല്യം കുറയ്ക്കൽ കറൻസിയുടെ മൂല്യ വർദ്ധനവ്,മൂല്യ ശോഷണം ഇന്ത്യയുടെ വിദേശ വിനിമയ നിരക്ക് | <u>പൊതുചർച്ച</u><br>പൊതുചർച്ചയിലൂടെ അന്താരാഷ്ട്ര വ്യാപാരം എന്തെന്നും തുറന്ന സമ്പദ് വ്യവസ്ഥയും അടഞ്ഞ സമ്പദ് വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം എന്തെന്നും തിരിച്ചറിയുന്നു.<br>വ്യാപാര ശിഷ്ടം, അടവു ശിഷ്ടം -എന്നിവ തമ്മിലുള്ള വ്യത്യാസം ഉദാഹരണത്തിലൂടെ മനസ്സിലാക്കുന്നു.<br><u>പൊതുചർച്ച</u><br>പാഠപുസ്തകം ഉപയോഗിച്ച് വിനിമയ നിരക്ക് നിർണ്ണയിക്കുന്ന വ്യത്യസ്ഥ രീതികൾ വിശകലനം ചെയ്യുന്നു.<br><u>വ്യക്തിഗത പ്രവർത്തനം</u><br>കറൻസിയുടെ മൂല്യം വർദ്ധിപ്പിക്കൽ,മൂല്യം കുറയ്ക്കൽ എന്നിവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.<br>കറൻസിയുടെ മൂല്യ വർദ്ധനവ്,മൂല്യ ശോഷണം എന്നിവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു. | തുറന്ന സമ്പദ് വ്യവസ്ഥയും അടഞ്ഞ സമ്പദ് വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.<br>അന്താരാഷ്ട്ര വ്യാപാരം നിർവ്വചിക്കുന്നു.<br>വ്യാപാര ശിഷ്ടവും അടവു ശിഷ്ടവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.<br>വിനിമയ നിരക്ക് നിർണ്ണയിക്കുന്ന രീതികൾ വിശകലനം ചെയ്യുന്നു.<br>കറൻസിയുടെ മൂല്യം വർദ്ധിപ്പിക്കൽ,മൂല്യം കുറയ്ക്കൽ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.<br>കറൻസിയുടെ മൂല്യ വർദ്ധനവ്,മൂല്യ ശോഷണം തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.<br>ഇന്ത്യയുടെ വിദേശ വിനിമയ നിരക്ക് എപ്രകാരമാണ് നിർണ്ണയിക്കപ്പെടുന്നതെന്ന് തിരിച്ചറിയുന്നു. |

**പാഠത്തിലേക്ക്**

**വ്യക്തിഗത പ്രവർത്തനം**

**അന്താരാഷ്ട്ര വ്യാപാരമെന്നാൽ എന്തെന്നും തുറന്ന സമ്പദ് വ്യവസ്ഥയും അടഞ്ഞ സമ്പദ് വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസമെന്തെന്നും ചർച്ചയിലൂടെ വ്യക്തമാക്കിയതിനു ശേഷം ഇന്ത്യയുടെ അഞ്ചു വർഷത്തെ (2009-2013) ബാലൻസ് ഓഫ് പേയ്മെന്റ്സ് (അടവു ശിഷ്ടം) പഠിതാക്കൾക്ക് നൽകുന്നു. ബാലൻസ് ഓഫ് ട്രേഡും(വ്യാപാര ശിഷ്ടം) ബാലൻസ് ഓഫ് പേയ്മെന്റ്സും (അടവു ശിഷ്ടം) തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ ആവശ്യപ്പെടുന്നു.ഇന്ത്യയുടെ വിദേശ വ്യാപാരത്തെ അടിസ്ഥാനപ്പെടുത്തി വ്യാപാര ശിഷ്ടത്തിലും അടവു ശിഷ്ടത്തിലും ഉൾപ്പെടുന്ന ഇനങ്ങൾ നൽകുന്നു.**

**പൊതുചർച്ച**

**പാഠപുസ്തകം വായിച്ച് വിനിമയ നിരക്ക് നിർണ്ണയിക്കുന്നതിനുള്ള വ്യത്യസ്ഥ രീതികൾ-സ്ഥിര വിനിമയ നിരക്ക് സമ്പ്രദായം,ഫ്ളോട്ടിംഗ് വിനിമയ നിരക്ക് സമ്പ്രദായം, മാനേജ്ഡ് ഫ്ളോട്ടിംഗ് സമ്പ്രദായം- കണ്ടെത്തുന്നു.പൊതു ചർച്ചയിലൂടെ പഠിതാവിനുള്ള സംശയങ്ങൾ ദൂരീകരിക്കുന്നു.പത്ര കട്ടിംഗ്സ് ഉപയോഗിച്ച് വിവിധ രാജ്യങ്ങളുടെ വിനിമയ നിരക്ക് വിശകലനം ചെയ്യുന്നു.**

**പൊതുചർച്ച**

**ലളിതമായ ഉദാഹരണത്തിലൂടെ കറൻസിയുടെ മൂല്യ വർദ്ധനവ്(currency appreciation),മൂല്യ ശോഷണം (currency depreciation)തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു. അതുപോലെ മൂല്യം വർദ്ധിപ്പിക്കൽ(currency revaluation),മൂല്യം കുറയ്ക്കൽ(currency devaluation) തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നു.**

**വിനിമയ നിരക്ക് നിർണ്ണയത്തിലെ ഇന്ത്യൻ അനുഭവവും അന്താരാഷ്ട്ര അനുഭവവും വിശകലനം ചെയ്യുന്നു. പത്രങ്ങളിലെ വാർത്തകൾ ശേഖരിച്ച് വിദേശ വിനിമയ നിരക്കുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിലും ഇന്ത്യയിലും ഉണ്ടായ പ്രധാന സംഭവങ്ങൾ പൊതു ചർച്ചക്ക് വിധേയമാക്കുന്നു.**

## വിലയിരുത്തൽ ചോദ്യങ്ങൾ

**1.ബാലൻസ് ഓഫ് പേയ്മെന്റ്സ് ലെ(അടവു ശിഷ്ടം) കറന്റ് അക്കൗണ്ടും കാപിറ്റൽ അക്കൗണ്ടും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.**

**2.പ്രധാന രാജ്യങ്ങളിലെ കേന്ദ്ര ബാങ്കിന്റെയും കറൻസികളുടെയും പേര് കണ്ടെത്തുക.**

**3.ഇന്ത്യയുടെ പ്രധാന ഇറക്കുമതി ഇനങ്ങൾ ഏവ?ഏതെല്ലാം രാജ്യങ്ങളുമായാണ് ഇന്ത്യക്ക് വ്യാപാര ബന്ധമുള്ളത് ?**